2025 OCTOBER
20
MONDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# കൊച്ചിൻ ഷിപ്പ്‌യാർഡ് മൂന്ന് വ്യത്യസ്ത കപ്പലുകൾ നീറ്റിലിറക്കി



**കൊച്ചി:** സാങ്കേതികത്തികവും നിർമാണ വൈദഗ്ധ്യവും ഒരുപോലെ സമന്വയിച്ച മൂന്ന് വ്യത്യസ്തയിനം കപ്പലുകൾ നീറ്റിലിറക്കി കൊച്ചിൻ ഷിപ്പ്‌യാർഡ്. നാവികസേനയ്ക്ക് വേണ്ടി നിർമിച്ച അന്തർവാഹിനി ആക്രമണ പ്രതിരോധ കപ്പൽ (ആന്റി സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റ് എഎസ്ഡബ്ല്യു എസ്ഡബ്ല്യുസി), ഹൈബ്രിഡ് ഇലക്ട്രിക് മെഥനോൾറെഡി കമ്മീഷനിംഗ് സർവീസ് ഓപ്പറേഷൻ വെസൽ, രാജ്യത്തെ ഏറ്റവും വലിയ ഡ്രഡ്ജറായ 'ഡിസിഐ ഡ്രഡ്ജ് ഗോദാവരി' എന്നിവയാണ് ഒരേദിവസം നീറ്റിലിറക്കിയത്. രാജ്യത്തിന്റെ നാവിക പ്രതിരോധ മേഖല, വാണിജ്യ കപ്പൽ നിർമാണം, ഹരിത സമുദ്രഗതാഗതം എന്നിവയിൽ കൊച്ചിൻ ഷിപ്പ്‌യാർഡ് കരസ്ഥമാക്കിയ എഞ്ചിനീയറിംഗ് വൈദഗ്ധ്യത്തിന്റെയും നേതൃത്വ മികവിന്റെയും തെളിവാണ് പുതിയ കപ്പലുകൾ. കൂടാതെ, മാരിടൈം ഇന്ത്യ വിഷൻ 2030, ആത്മനിർഭർ ഭാരത് പദ്ധതികൾക്ക് കീഴിൽ സുസ്ഥിര സമുദ്ര വികസനം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്ക് കരുത്തേകാനും ഇതിലൂടെ സാധിക്കും.

ഇന്ത്യൻ നേവിക്കുവേണ്ടി നിർമിച്ച ആറാമത്തെ അന്തർവാഹിനി ആക്രമണ പ്രതിരോധ കപ്പലിന്റെ ലോഞ്ചിംഗ് നാവികസേന വൈസ് അഡ്മിറൽ ആർ സ്വാമിനാഥന്റെ പത്നി രേണു രാജാറാം നിർവഹിച്ചു. 12,000 ക്യുബിക് മീറ്റർ കപ്പാസിറ്റിയുള്ള രാജ്യത്തെ ഏറ്റവും വലിയ സക്ഷൻ ഹോപ്പർ ഡ്രഡ്ജർ ഡിസിഐ ഡ്രഡ്ജ് ഗോദാവരിയുടെ ലോഞ്ചിംഗ് ഡ്രഡ്ജിംഗ് കോർപറേഷൻ ഓഫ് ഇന്ത്യ പ്രതിനിധി ശിരോഭൂഷണം സുജാത നിർവഹിച്ചു. തീരത്തുനിന്ന് വളരെ അകലെയായി സ്ഥിതിചെയ്യുന്ന കാറ്റാടിപ്പാടങ്ങളുടെ കമ്മീഷനിംഗ്, സർവീസ്, മറ്റു പ്രവൃത്തികൾ എന്നിവയ്ക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത ഹൈബ്രിഡ് ഇലക്ട്രിക് മെഥനോൾറെഡി കമ്മീഷനിംഗ് സർവീസ് ഓപ്പറേഷൻ വെസലിന്റെ ലോഞ്ചിംഗ് കൊച്ചി പോർട്ട് അതോറിറ്റി ചെയർപേഴ്സൺ ബി കാശിവിശ്വനാഥന്റെ പത്നി വസന്ത നിർവഹിച്ചു. അന്തർവാഹിനി ആക്രമണ പ്രതിരോധ കപ്പൽ രാവിലെയും ഹൈബ്രിഡ് ഇലക്ട്രിക് മെഥനോൾറെഡി കമ്മീഷനിംഗ് സർവീസ് ഓപ്പറേഷൻ വെസൽ, ഡിസിഐ ഡ്രഡ്ജർ ഗോദാവരി എന്നിവ ഉച്ചയ്ക്ക് ശേഷവുമാണ് നീറ്റിലിറക്കിയത്.

ചടങ്ങിൽ നാവികസേന വൈസ് അഡ്മിറൽ ആർ സ്വാമിനാഥൻ, കൊച്ചി പോർട്ട് അതോറിറ്റി ചെയർപേഴ്സൺ ബി കാശിവിശ്വനാഥൻ, ഡ്രഡ്ജിംഗ് കോർപറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് ചെയർമാൻ ഡോ. എം അംഗമുത്തു, പെലാജിക് വിൻഡ് സർവീസസ് സിഇഒ ആന്ദ്രെ ഗ്രോനെവെൽഡ്, കൊച്ചിൻ ഷിപ്പ്‌യാർഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ് നായർ, നാവികസേനയിലെയും കൊച്ചി കപ്പൽശാലയിലെയും മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## ഇന്ത്യ,യുകെ സമ്പൂർണ സാമ്പത്തിക വ്യാപാര കരാർ: നൈപുണ്യവൽക്കരണത്തിന് തന്ത്രങ്ങൾ ആവിഷ്ക്കരിക്കണം

**കൊച്ചി:** ഇന്ത്യയുടെ സമുദ്രോൽപ്പന്ന കയറ്റുമതി മേഖലയിലെ നാഴികക്കല്ലായി ഇന്ത്യയുകെ സമ്പൂർണ സാമ്പത്തിക വ്യാപാര കരാർ ഒപ്പുവച്ച സാഹചര്യത്തിൽ കരാർ നൽകുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്താൻ മൂല്യവൽക്കരണത്തിനും നൈപുണ്യവൽക്കരണത്തിനുമായി തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടത് അത്യാവശ്യമാണെന്ന് സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റി ചെയർമാൻ ഡി.വി സ്വാമി പറഞ്ഞു. സമുദ്രോൽപ്പന്ന കയറ്റുമതി മേഖലയിലെ പങ്കാളികൾക്ക് കരാറിനെക്കുറിച്ച് അവബോധം സൃഷ്ടിക്കാനായി ചെന്നൈയിലും വിശാഖപട്ടണത്തിലും സംഘടിപ്പിച്ച സമ്മേളനത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. മദ്രാസ് എക്സ്പോർട്ട് പ്രോസസിങ് സോൺ സ്പെഷൽ ഇക്കണോമിക് സോൺ വികസന കമ്മീഷണർ അലക്സ് പോൾ മേനോൻ, തമിഴ്നാട്ടിലെ മറീൻ അക്വാപാർക്സ് പ്രത്യേക സാമ്പത്തിക മേഖലകൾ വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ ചെന്നൈ സമ്മേളനത്തിൽ ചർച്ച ചെയ്തു. ഇന്ത്യയുടെ സമുദ്രോൽപ്പന്ന വികസന മേഖലയിലെ പങ്കാളികൾ തങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കുവച്ചു.പുതിയ കരാറനുസരിച്ച് തീരുവ പട്ടികയിലെ 99 ശതമാനം ഉൽപ്പന്നങ്ങളുടെ കയറ്റുമതിഇറക്കുമതി ഡ്യൂട്ടി എടുത്തുകളഞ്ഞിട്ടുണ്ട്. ഇത് യുകെ വിപണിയിൽ ഇന്ത്യൻ സമുദ്രോൽപ്പന്നങ്ങളുടെ മത്സരക്ഷമത വർധിപ്പിക്കും. വനാമി ചെമ്മീൻ, ശീതീകരിച്ച കണവയും ആവോലിയും, പാറക്കൊഞ്ച് ലോബ്സ്റ്റർ), കാര ചെമ്മീൻ എന്നിവയ്ക്കാണ് ഇതിന്റെ ഗുണം ലഭിക്കുക. കൂടുതലായി ചെമ്മീൻ, മത്സ്യം, കണവ എന്നിവയടങ്ങുന്ന 7.45 ബില്യൻ ഡോളർ വിലവരുന്ന ഇന്ത്യൻ സമുദ്രോൽപ്പന്നങ്ങളാണ് ഇന്ത്യ 2024-25 ൽ കയറ്റുമതി ചെയ്തത്.

## 500 കോടിയുടെ രണ്ടാം അർത്ഥ വെഞ്ചർ ഫണ്ട് പ്രഖ്യാപിച്ചു

**കൊച്ചി:** രാജ്യത്തെ പ്രമുഖ ധനകാര്യ സ്ഥാപനങ്ങളിൽ ഒന്നായ അർത്ഥ ഇന്ത്യ വെഞ്ചേഴ്സ് 100 കോടിയുടെ ഗ്രീൻ ഷൂ ഓപ്ഷനുകൾ ഉൾപ്പെടെ മൊത്തം 500 കോടി സമാഹരണം ലക്ഷ്യമിടുന്ന അർത്ഥ വെഞ്ചർ ഫണ്ട് 2 പ്രഖ്യാപിച്ചു. ആദ്യ ക്ലോസിൽ 250 കോടി സമാഹരിച്ചതായും അർത്ഥം വെഞ്ചർ ഫണ്ട് മാനേജിംഗ് പാർട്ണർ അനിരുദ്ധ് എ. ദമാനി പറഞ്ഞു. അറിയിച്ചു .നിക്ഷേപകർക്ക് അർത്ഥയുടെ മുൻകാല നേട്ടങ്ങളുടെ ചരിത്രവും തന്ത്ര വൈദഗ്ദ്ധ്യത്തിലുള്ള ദൃഢ വിശ്വാസവുമാണ് ഫണ്ടിന്റെ 50% ആരംഭത്തിൽതന്നെ നേടാനായത്. പ്രീമിയം കൺസഷൻ, ഫിൻ ടെക് ഇൻഫ്രാസ്ട്രക്ച്ചർ, അപ്ലൈഡ് എ ഐ, ഡീപ് ടെക് എന്നീ 4 വിഷയങ്ങളിലെ 36 ഉത്ഭവ ഘട്ടങ്ങളിലുള്ള സ്റ്റാർട്ടപ്പുകളിലായിരിക്കും പുതിയ ഫണ്ട് കമ്പനി നിക്ഷേപിക്കുക. 124 എന്ന പ്രൊപ്രൈറ്ററി മോഡലിന് കീഴിൽ 4 കോടിയുടെ ചെക്കുകൾ ആദ്യം നൽകും. പിന്നീട് 8 മുതൽ 16 കോടിയുടെ വരെ ഫോളോ ഓൺ നിക്ഷേപങ്ങളും നടത്തും. മുൻനിര പോർട്ട് ഫോളിയോ കമ്പനികളിൽ 15 മുതൽ 20% വരെ ഉടമസ്ഥാവകാശവും തുടർച്ചയായ നാലു വർഷത്തെ ഫണ്ട് വിന്യാസവുമാണ് ഇതിലൂടെ കമ്പനി ലക്ഷ്യമിടുന്നത്.

# സപ്ലൈകോയിൽ സ്ത്രീ ഉപഭോക്താക്കൾക്ക് ഉൽപ്പന്നങ്ങൾ 10% വരെ വിലക്കുറവിൽ

**കൊച്ചി:** നവംബർ ഒന്നു മുതൽ സ്ത്രീ ഉപഭോക്താക്കൾക്ക് സപ്ലൈകോ വിൽപ്പനശാലകളിൽ സബ്സിഡി ഇതര ഉൽപ്പന്നങ്ങൾക്ക് 10% വരെ വിലക്കുറവ് നൽകുമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ. സപ്ലൈകോ നിലവിൽ നൽകുന്ന വിലക്കുറവിന് പുറമേയാണ് ഇത്. സപ്ലൈകോയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒരു സർക്കാർ സ്ഥാപനം എന്നതിന് അപ്പുറത്തേക്ക്, ബിസിനസ് സ്ഥാപനം എന്ന നിലയിൽ സപ്ലൈകോ വളർന്നുകൊണ്ടിരിക്കുകയാണ്. അന്താരാഷ്ട്ര നിലവാരമുള്ള റീട്ടെയിൽ ശൃംഖലകളോട് കിടപിടിക്കത്തക്ക വിധത്തിൽ ഇതിനനുസൃതമായ മാർക്കറ്റിംഗ് തന്ത്രങ്ങളും സപ്ലൈകോ ആവിഷ്കരിക്കുന്നുണ്ട്. അതോടൊപ്പം തന്നെ പൊതുജനങ്ങളെ സഹായിക്കുന്ന വിധത്തിലുള്ള വിപണി ഇടപെടലും നടത്തുന്നു. നവംബർ ഒന്നു മുതൽ വിവിധതരത്തിലുള്ള പദ്ധതികൾ നടപ്പാക്കും. 250 കോടി രൂപ പ്രതിമാസ വിറ്റു വരവ് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തുക. 140 നിയോജക മണ്ഡലങ്ങളിലും എത്തുന്ന രീതിയിൽ 14 ജില്ലകളിലും സഞ്ചരിക്കുന്ന സൂപ്പർമാർക്കറ്റുകൾ ആരംഭിക്കും. ഗുണനിലവാരമുള്ള അരിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി പുഴുക്കലരി സബ്സിഡി അരിയിൽ ഉൾപ്പെടുത്തി സപ്ലൈകോ വിൽപനശാലകളിലൂടെ റേഷൻകാർഡ് ഉടമകൾക്ക് 20 കിലോഗ്രാം അരി നൽകും. നിലവിൽ ഇത് 10 കിലോഗ്രാം ആണ്.

സപ്ലൈകോയിലെ ഉപഭോക്താക്കൾക്ക് പ്രിവിലേജ് കാർഡുകൾ ഏർപ്പെടുത്തും. ഇതുവഴി ഓരോ പർച്ചേസിലും പോയിന്റുകൾ ലഭിക്കുകയും, ഈ പോയിന്റുകൾ വഴി പിന്നീടുള്ള പർച്ചേസുകളിൽ വിലക്കുറവ് ലഭിക്കുകയും ചെയ്യും.

ഈ സാമ്പത്തിക വർഷത്തിൽ 30 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളും, 15 മാവേലി സ്റ്റോറുകൾ സൂപ്പർ സ്റ്റോറുകളും ആയി നവീകരിക്കും. ആറ് പുതിയ പെട്രോൾ പമ്പുകൾ ആരംഭിക്കും.

ഈ വർഷം ഡിസംബർ മാസത്തോടെ തലശ്ശേരി, എറണാകുളം, കോട്ടയം സൂപ്പർമാർക്കറ്റുകൾ ആധുനിക ഷോപ്പിംഗ് അനുഭവം പ്രദാനം ചെയ്യുന്ന സിഗ്നേച്ചർ മാർട്ടുകൾ ആക്കും.

ജിഎസ്ടി പുനക്രമീകരണം വന്നപ്പോൾ ഉൽപ്പന്നങ്ങൾക്കുണ്ടായ വിലക്കുറവിന്റെ ആനുകൂല്യം സപ്ലൈകോ പൂർണ്ണ തോതിൽ ഉപഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ മറ്റു വില്പനശാലകളിൽ കൂടി വിപണനം നടത്തുമെന്നും മന്ത്രി പറഞ്ഞു. മില്ലുടമകളുമായി ധാരണയിൽ എത്തിയതിനുശേഷം നെല്ല് സംഭരിച്ച് പ്രോസസ് ചെയ്ത് സപ്ലൈകോ വിൽപന ശാലകൾ വഴി വിപണനം ചെയ്യുന്നതും പരിഗണനയിലുണ്ട്.

സമാപന സമ്മേളന ഉദ്ഘാടനചടങ്ങിൽ കെ എൻ ഉണ്ണികൃഷ്ണൻ എംഎൽഎ അധ്യക്ഷനായിരുന്നു. വി എം ജയകൃഷ്ണൻ, സപ്ലൈകോ മുൻ മാനേജിംഗ് ഡയറക്ടർമാരായ ജിജി തോംസൺ, എം. എസ് ജയ, പി. എം അലി അസ്ഗർ പാഷ, ഡോ. സഞ്ജീബ് പട്ജോഷി, ഡോ. ശ്രീറാം വെങ്കിട്ടരാമൻ തുടങ്ങിയവർ സംസാരിച്ചു.

സപ്ലൈകോ മുൻ മാനേജിംഗ് ഡയറക്ടർമാർ, മുൻ ജനറൽ മാനേജർമാർ ആർ. വേണുഗോപാൽ, ബി. അശോകൻ, മുൻ വിജിലൻസ് ഓഫീസർമാർ ബേസിൽ ജോസഫ്, ഇ. എം ഷംസു ഇല്ലിക്കൽ, ടോമി സെബാസ്റ്റ്യൻ, സി. എസ് ഷാഹുൽ ഹമീദ് തുടങ്ങിയവരെ ആദരിച്ചു. സപ്ലൈകോ ഓണം ലക്കി ഡ്രോ ഒന്നാം സമ്മാനം ഒരു പവൻ സ്വർണം ഇടുക്കി സ്വദേശി തേയിലത്തോട്ട തൊഴിലാളിയായ മുനിയമ്മയ്ക്ക് മന്ത്രി സമ്മാനിച്ചു. രണ്ടാം സമ്മാനമായ ലാപ്ടോപ്പ് തൃശ്ശൂർ സ്വദേശി എ. കെ രത്നം, വടകര സ്വദേശി സി. വി ആദിദേവ് , മൂന്നാം സമ്മാനമായ സ്മാർട്ട് ടിവി കണ്ണൂർ സ്വദേശിനി രമ്യ ചന്ദ്രൻ എന്നിവർക്ക് സമ്മാനിച്ചു.

ഓണം ലക്കി ഡ്രോ ജില്ലാതല സമ്മാനങ്ങളും ചടങ്ങിൽ വിതരണം ചെയ്തു.




# ഗ്ലോ കൊച്ചിക്ക് രാജേന്ദ്ര മൈതാനിയിൽ തുടക്കം

**കൊച്ചി:** വെളിച്ചവും സംസ്കാരവും സാമൂഹിക കൂട്ടായ്മയും ഒത്തുചേരുന്ന ഗ്ലോ കൊച്ചി ആഘോഷത്തിന് എറണാകുളം രാജേന്ദ്ര മൈതാനിയിൽ തുടക്കം. ഹൈബി ഈഡൻ എം പി ഉദ്ഘാടനം ചെയ്തു. ദീപാവലിയുടെ പശ്ചാത്തലത്തിൽ കൊച്ചിക്ക് പുതിയ ചുവട് വെപ്പാണിതെന്ന് അദ്ദേഹം പറഞ്ഞു. പരിസ്ഥിതിയെ കൂടി പരിഗണിച്ച് തുടങ്ങിയിരിക്കുന്ന ഈ ആശയം പുതിയ സംസ്കാരത്തിന് തുടക്കമാകട്ടെ എന്നും ഹൈബി ഈഡൻ പറഞ്ഞു.ലൈറ്റ് ഷോയുടെ ഉദ്ഘാടനവും അദ്ദേഹം നിർവ്വഹിച്ചു. ചലച്ചിത്ര താരം അർജ്ജുൻ രാധാകൃഷ്ണൻ, സീരിയൽ താരം ആര്യ, ഡോ. നൈന, അജിത് ഗംഗാധരൻ, ടി ഡബ്ല്യുസി സ്ഥാപകരായ ഷർമ്മിള നായർ, രാഖി ജയശങ്കർ, നമിൻ ഹിലാൽ, ലിൻഡ രാകേഷ്, എന്നിവർ പങ്കെടുത്തു.

ഇല്ലൂമിനേറ്റ് കൊച്ചി എന്ന പ്രമേയത്തിൽ നടക്കുന്ന ഗ്ലോ കൊച്ചി പരിപാടിയിൽ കുടുംബങ്ങൾ, കലാകാരന്മാർ, വിദ്യാർഥികൾ, ചെറുകിട സംരംഭകർ തുടങ്ങിയവർ പങ്കെടുക്കുന്നു.പ്രാദേശിക കലാകാരന്മാർ സൃഷ്ടിക്കുന്ന ലൈറ്റ് ഇൻസ്റ്റലേഷനുകൾ, സംഗീതം, നൃത്തം, ഡാൻഡിയ തുടങ്ങിയ നൈറ്റ് എന്റർടെയ്ൻമെന്റുകൾ അടങ്ങിയ ലൈവ് പെർഫോമൻസ്, ഫേസ് പെയിന്റിങ്, യുവി ഗെയിമുകൾ, ഗ്ലോ ആക്ടിവിറ്റികൾ ഉൾപ്പെടുന്ന കുട്ടികൾക്കായുള്ള ഗ്ലോ സോൺ, കൊച്ചിയിലെ മികച്ച ഭക്ഷണ സ്റ്റാളുകളും ആർട്ടിസൻ ഉത്പന്നങ്ങളും കരകൗശല വസ്തുക്കളും ഉൾക്കൊള്ളുന്ന നൈറ്റ് ബസാറിന്റെ ഫൂഡ് ആന്റ് ഫ്ളീ മാർക്കറ്റ്, പ്രതീക്ഷയുടെ സന്ദേശം പ്രകാശിപ്പിക്കുന്ന കമ്യൂണിറ്റി വാൾ ഓഫ് ലൈറ്റ് എന്നിവയും ഗ്ലോ കൊച്ചിയിലുണ്ട്.

വൈകിട്ട് മൂന്നു മുതൽ അർധരാത്രി വരെ നടക്കുന്ന പരിപാടിയിൽ 100 രൂപയാണ് ടിക്കറ്റ് ചാർജ്. വിദ്യാർഥികൾക്ക് 50 രൂപയും നാലും പേർ അടങ്ങുന്ന സംഘത്തിന് 250 രൂപയുമാണ് നിരക്ക്.

# നാലു നഗരങ്ങൾ കേന്ദ്രീകരിച്ച് ഉന്നത വിദ്യാഭ്യാസ ഹബ്ബുകൾ സ്ഥാപിക്കാനാകും: മന്ത്രി

**തിരുവനന്തപുരം:** വിപുലമായ അടിസ്ഥാന സൗകര്യങ്ങളും വ്യവസായ ബന്ധങ്ങളും സംയോജിപ്പിച്ച് 2031ഓടെ കൊച്ചി, തിരുവനന്തപുരം, കോഴിക്കോട്, തൃശൂർ എന്നിവിടങ്ങളിൽ ഉന്നതവിദ്യാഭ്യാസ നഗരങ്ങൾ സ്ഥാപിക്കാനാകുമെന്ന് മന്ത്രി ആർ. ബിന്ദു. വിഷൻ 2031 ന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ മേഖലയിൽ 2031ൽ വരേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള ആശയസമാഹരണത്തിനായി വകുപ്പ് കോട്ടയത്ത് സംഘടിപ്പിച്ച സംസ്ഥാനതല സെമിനാറിന്റെ പ്രാരംഭ സമ്മേളനത്തിൽ സമീപന രേഖ അവതരിപ്പിച്ചു സംസാരിക്കുകയായിരുന്നു ബിന്ദു.

ആഗോള വാണിജ്യം, മാരിടൈം സ്റ്റഡീസ്, ഫിൻടെക്, ആഗോള വ്യാപാരം, തുറമുഖ മാനേജ്മെന്റ്, ബിസിനസ് അനലിറ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയ്ക്ക് പ്രാധാന്യമുള്ള ഉന്നത വിദ്യാഭ്യാസ ഹബ്ബാണ് കൊച്ചിയിൽ വിഭാവനം ചെയ്യുന്നത്.

തിരുവനന്തപുരം കേന്ദ്രമായി ശാസ്ത്രം, സാങ്കേതികവിദ്യ, ബഹിരാകാശ ശാസ്ത്രം, സൈബർ സുരക്ഷ, ബയോമെഡിക്കൽ എൻജിനിയറിംഗ്, പൊതുനയം, അന്താരാഷ്ട്ര ബന്ധങ്ങൾ എന്നിവയുടെ ഉന്നത വിദ്യാഭ്യാസ ഹബ്ബ് സ്ഥാപിക്കാനാകും.

പ്രധാന നഗരങ്ങളിൽ നിലവിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗുണനിലവാരം, തൊഴിൽക്ഷമത, ലോകോത്തര ഗവേഷണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന, ആഗോള മത്സരക്ഷമതയുള്ള, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളായി പരിവർത്തനം ചെയ്യപ്പെടണമെന്ന് സമീപന രേഖ നിർദേശിക്കുന്നു. കേരളം മുന്നോട്ടു വയ്ക്കുന്ന ജനകേന്ദ്രീകൃതമായ വൈജ്ഞാനിക സമൂഹം എന്ന ആശയം തിളക്കമാർന്ന കേരള മാതൃകയുടെ രണ്ടാം അധ്യായമായിരിക്കുമെന്നും ബിന്ദു പറഞ്ഞു.

കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ നടന്ന പ്രാരംഭ സമ്മേളനത്തിൽ സഹകരണംതുറമുഖംദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്തെ ആഗോള ഹബ്ബാക്കി മാറ്റാൻ സാധിക്കുന്ന ഇടപെടലുകളാണ് കഴിഞ്ഞ ഒൻപതു വർഷമായി സംസ്ഥാന സർക്കാർ നടത്തിയതെന്ന് അദ്ദേഹം പറഞ്ഞു. ആഗോള റാങ്കിംഗുകളിൽ കേരളത്തിലെ സർവകലാശാലകൾ മികച്ച നേട്ടം കൈവരിക്കുന്നത് സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായുണ്ടായ മാറ്റമാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

പ്രൊഫ. രാജൻ ഗുരുക്കൾ, സി. ആർ. പ്രസാദ്, കൊച്ചി സർവകലാശാല വൈസ് ചാൻസലർ ഡോ. ജുനൈദ് എം. ബുഷ്റി, കേരള സാങ്കേതിക സർവകലാശാല വൈസ്ചാൻസലർ കെ. ശിവപ്രസാദ്, ജഗതി രാജ്, ജില്ലാ കളക്ടർ ചേതൻ കുമാർ മീണ, ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ പി. ജയപ്രകാശ്, മുംബൈ ഐഐടി എമരിറ്റസ് പ്രൊഫസർ എൻ. വി. വർഗീസ്, ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി പ്രൊഫ. രാജൻ വർഗീസ് തുടങ്ങിയവർ പങ്കെടുത്തു.

# സീനിയർ ഫുട്ബോൾ: തൃശൂർ ഫൈനലിൽ

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ നടക്കുന്ന സംസ്ഥാന സീനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ നിലവിലെ ചാമ്പ്യന്മാരായ കോട്ടയം ഫൈനൽ കാണാതെ പുറത്തായി. ഞായറാഴ്ച നടന്ന ആദ്യ സെമി ഫൈനലിൽ തൃശൂർ ആണ് എതിരില്ലാത്ത രണ്ടു ഗോളുകൾക്ക് കോട്ടയത്തെ പരാജയപ്പെടുത്തിയത്. ആന്റണി പൗലോസ് ആണ് ഇരട്ട ഗോളുകളുമായി തൃശൂരിനെ ഫൈനലിലേക്ക് നയിച്ചത്. മുപ്പത്തി ഒൻപതാം മിനിറ്റിലായിരുന്നു ആദ്യ പ്രഹരം. സമനിലക്കായി കോട്ടയം ആഞ്ഞു ശ്രമിക്കുന്നതിനിടെ എൺപതാം മിനിറ്റിൽ രണ്ടാം ഗോളും പിറന്നു. നിലവിലെ റണ്ണേഴ്സ് അപ്പായ തിരുവനന്തപുരം ക്വാർട്ടർ ഫൈനലിൽ തോറ്റ് പുറത്തായിരുന്നു. പ്രീ ക്വാർട്ടറിൽ കൊല്ലത്തെയും, ക്വാർട്ടറിൽ മലപ്പുറത്തെയും തോൽപിച്ചാണ് മുഹമ്മദ് ഷഫീഖ്



പരിശീലകനായ തൃശൂർ സെമി ടിക്കറ്റ് നേടിയത്. തിങ്കളാഴ്ച വൈകിട്ട് മൂന്നു മണിക്ക് നടക്കുന്ന രണ്ടാം സെമി ഫൈനലിൽ ഇടുക്കി ആലപ്പുഴയെ നേരിടും. ചൊവ്വാഴ്ച വൈകിട്ട് മൂന്നിനാണ് കലാശക്കളി.

# രവീന്ദ്ര സംഗീതോത്സവം നവംബർ 9 ന്

**കൊച്ചി:** രവീന്ദ്രൻ മാസ്റ്ററിന്റെ സ്മരണയ്ക്കായി രവീന്ദ്രൻ മ്യൂസിക്കൽ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ പാടിവട്ടം അസീസിയ ഓർഗ്ഗാനിക്ക് വേൾഡുമായി ചേർന്ന് രവീന്ദ്രൻ മാസ്റ്ററിന്റെ ജന്മദിനമായ നവംബർ 9 ന് രവീന്ദ്ര സംഗീതോത്സവം നടക്കും. പാടിവട്ടം അസീസിയ കൺവെൻഷൻ സെന്ററിൽ രാവിലെ 9 മണി മുതൽ രാത്രി 9 മണിവരെയാണ് സംഗീതോത്സവം സംഘടിപ്പിക്കുന്നതെന്ന് അസീസിയ ഓർഗാനിക് വേൾഡ് പി ആർ ഓ ജലീൽ താനത്ത്, മാധ്യമപ്രവർത്തകൻ ബാലകൃഷ്ണൻ പെരിയ എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പ്രമുഖ ഗായകരും സംഗീത സംവിധായകരും ചേർന്ന് രവീന്ദ്രൻ മാസ്റ്ററുടെ ഗാനങ്ങൾ ആലപിക്കും. നവംബർ 19 ന് വൈകീട്ട് 5.30 മുതൽ രവീന്ദ്ര സംഗീത പുരസ്കാരവും ഗാനസന്ധ്യയും നടക്കും. രവീന്ദ്ര സംഗീത പുരസ്കാരം ഗായിക കെ. എസ് ചിത്രയ്ക്ക് സമ്മാനിക്കും. ചടങ്ങിൽ രവീന്ദ്ര മാസ്റ്ററുടെ പത്നി ശോഭന രവീന്ദ്രനും കുടുംബവും പങ്കെടുക്കും.

# ഇന്റർ കോളജ് മാത്സ് ക്വിസ്: നിർമല ജേതാക്കൾ

**ആരക്കുന്നം:** ടോക് എച്ച് എൻജിനീയറിംഗ് കോളജ്, മാത്സ് ഡിപ്പാർട്മെൻറ് സംഘടിപ്പിച്ച അഖിലകേരള ഇൻറർ കോളജ് ക്വിസ് മത്സരത്തിൽ മൂവാറ്റുപുഴ നിർമലാകോളജ് ജേതാക്കളായി. കോതമംഗലം എംഎ കോളജ് രണ്ടാം സ്ഥാനവും, ടോക് എച്ച് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ക്വിസ് മത്സരത്തിന്റെ ഉദ്ഘാടനം ടോക് എച്ച് സ്ഥാപനങ്ങളുടെ മാനേജർ കുര്യൻ തോമസ് നിർവഹിച്ചു. ഡോ. ലിജു അലക്സ് വിശിഷ്ടാതിഥിയായി. ടോക്എച്ച് സെക്രട്ടറി മധു ചെറിയാൻ, പ്രിൻസിപ്പൽ ഡോ. പ്രീതി തെക്കെത്ത് എന്നിവർ സംബന്ധിച്ചു. ജേതാക്കൾക്ക് എവർ റോളിംഗും ട്രോഫിയും ക്യാഷ് അവാർഡും സമ്മാനിച്ചു.

# ലീപ് കേരള പ്രസംഗ മത്സരം: ഫ്ളോറ ജോസിന് ഒന്നാം സ്ഥാനം

**കൊച്ചി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന് മുന്നോടിയായി ലീപ് കേരളയുടെ ആഭിമുഖ്യത്തിൽ കാക്കനാട് കളക്ടറേറ്റ് സ്പാർക്ക് ഹാളിൽ കോളേജ് വിദ്യാർത്ഥികൾക്കായി പ്രസംഗ മത്സരം സംഘടിപ്പിച്ചു.

ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നുള്ള 22 വിദ്യാർത്ഥികൾ പങ്കെടുത്ത മത്സരത്തിൽ കോതമംഗലം മാർ അത്തനേഷ്യസ് കോളേജ് വിദ്യാർത്ഥിനി ഫ്ളോറ ജോസ് ഒന്നാം സ്ഥാനത്തിന് അർഹയായി. കോതമംഗലം മാർ അത്തനേഷ്യസ് കോളേജ് വിദ്യാർത്ഥി അരീക്കൽ ഫബ്രിസിയോ ജോസ് രണ്ടാം സ്ഥാനവും, പഴങ്ങനാട് സമരിറ്റൻ നേഴ്സിംഗ് കോളേജ് വിദ്യാർത്ഥിനി അപർണ സത്യൻ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

വിജയികൾക്ക് ജില്ലാ കളക്ടർ ജി. പ്രിയങ്ക സമ്മാനങ്ങൾ കൈമാറി. ഒന്നാം സ്ഥാനം ലഭിച്ച വിദ്യാർത്ഥിക്ക് സർട്ടിഫിക്കറ്റും 5000 രൂപയുടെ ക്യാഷ് അവാർഡും ലഭിച്ചു. രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് യഥാക്രമം 3000 , 2000 രൂപയുടെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ലഭിച്ചു.

പുത്തൻകുരിശ് വില്ലേജ് ഓഫീസർ വി. സന്ധ്യാ രാജി, ഐ.ടി. മിഷൻ ജില്ലാ മാനേജർ ചിഞ്ചു സുനിൽദത്ത് എന്നിവർ വിധികർത്താക്കളായിരുന്നു.

അസിസ്റ്റന്റ് ജില്ലാ കളക്ടർ പാർവതി ഗോപകുമാർ, ഫെഡറൽ ബാങ്ക് പ്രതിനിധി രോഹിത് മുരളി കുമാർ എന്നിവർ പങ്കെടുത്തു.

# ഏലൂരിൽ വാട്ടർ കിയോസ്ക്കുകൾ സ്ഥാപിച്ചു

**കൊച്ചി:** ഏലൂർ നഗരസഭയിലെ എല്ലാവർക്കും കുടിവെള്ളം ഉറപ്പുവരുത്തുന്നതിനായി പുതിയ റോഡ്, ചിൽഡ്രൻസ് പാർക്ക്, പാതാളം ടൗൺ ഹാൾ, എന്നിവിടങ്ങളിലായി മൂന്ന് വാട്ടർ കിയോസ്ക്കുകൾ സ്ഥാപിച്ചു. ഏലൂർ പുതിയ റോഡിൽ നടന്ന പരിപാടി നഗരസഭ അധ്യക്ഷൻ എ.ഡി സുജിൽ ഉദ്ഘാടനം ചെയ്തു. നഗരസഭ വൈസ് ചെയർപേഴ്സൺ ജയശ്രീ സതീഷ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷൻ കെ.എ മാഹിൻ, കൗൺസിലർമാരായ ലൈജി സജീവൻ, സീമ സിജു, സുബൈദ നൂറുദ്ദീൻ, അംബിക ചന്ദ്രൻ, ക്ലീൻ സിറ്റി മാനേജർ എസ്.പി ജയിംസ്, കെ.എൻ അനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

# ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

**തിരുവനന്തപുരം:** ചാക്ക ഗവ. ഐ ടി ഐയിൽ ടർണർ ട്രേഡിൽ മുസ്ലിം വിഭാഗത്തിൽ നിലവിലുള്ള ഒരു ഇൻസ്ട്രക്ടർ (ഗസ്റ്റ്) ഒഴിവിലേക്ക് താൽക്കാലിക നിയമനം നടത്തുന്നു. താല്പര്യമുള്ള ഉദ്യോഗാർഥികൾ ഒക്ടോബർ 22 രാവിലെ 11 ന് അസൽ സർട്ടിഫിക്കറ്റുമായി പ്രിൻസിപ്പാൾ മുൻപാകെ ഹാജരാകണം. ഫോൺ: 0471 2502612.




സിഡ്നി ഹിൽട്ടൻ ഹോട്ടലിൽ സമ്മിറ്റ് ഓസ്ട്രേലിയ 2026ന്റെ ലോഗോ പ്രകാശനം നിർവ്വഹിച്ച ശ്രീനാരായണ ധർമ്മ സംഘം പ്രസിഡന്റ് സ്വാമി വീരേശ്വരാനന്ദ, ഡോ. കെ.ടി.ജലീൽ എം.എൽ.എ, റേ പിള്ളെ, ഡാർസി ലൗണ്ട്, ഡേവിഡ് മോൺക്രിഫ്, ബ്രാഡ് ബണ്ടിംഗ്, കെ.എസ് വിനോദ് തുടങ്ങിയവരെയും കാണാം.

# സമ്മിറ്റ് ഓസ്ട്രേലിയ 2026: ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി/സിഡ്നി:** കേരളവും ഓസ്ട്രേലിയയും തമ്മിലുള്ള വ്യാപാര, തൊഴിൽ, സംസ്ക്കാരം ഉൾപ്പെടെയുള്ള ബന്ധം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ട് ഓസ്ട്രേലിയയിലെ കേരള ബിസിനസ് ആൻഡ് പ്രൊഫഷണൽ ചേംബറും (കെബിപിസിഎ), കമ്മ്യൂണിറ്റി മൈഗ്രന്റ് റിസോഴ്സ് സെന്ററും (സിഎംആർസി) സഹകരിച്ച് സമ്മിറ്റ് നടത്തുന്നു. 2026 ഫെബ്രുവരി 13,14 തീയതികളിലാണ് സമ്മിറ്റ്. സിഡ്നി ഹിൽട്ടൻ ഹോട്ടലിൽ നടന്ന ചടങ്ങിൽ ശ്രീനാരായണ ധർമ്മ സംഘം പ്രസിഡന്റ് സ്വാമി വീരേശ്വരാനന്ദ സമിറ്റിന്റെ ലോഗോ പ്രകാശനം ചെയ്തു.

കേരള ബിസിനസ് ആന്റ് പ്രൊഫഷണൽസ് ചേമ്പർ ആസ്ട്രേലിയ സ്ഥാപകയും ചെയർപേഴ്സണുമായ ജുമൈല ആഡൽ, സെക്രട്ടറിയും ഡയറക്ടറുമായ കിരൺ ജെയിംസ്, ഡയറക്ടർമാരായ ദീപ നായർ, ആർപിജി അസറ്റ് മാനേജിമെന്റ് ഗ്രൂപ്പ് ഡയറക്ടറും ഡബ്ല്യുബിസി കെയർ അംബാസിഡറുമായ കെ. എസ് വിനോദ്, സിഎംആർസി സി.ഇ.ഒ മെലിസ മൊണ്ടെയ്റോ, എംപിമാരായ ഹ്യൂഗ് മക്ഡെർമോട്ട്, മാർക്ക് ഹോഡ്ജസ്, ഡോ. കെ. ടി. ജലീൽ എം.എൽ.എ, ആർപിജി ഗ്രൂപ്പ് ചെയർമാൻ റേ പിള്ളെ, ഡാർസി ലൗണ്ട്, ഡേവിഡ് മോൺക്രിഫ്, ബ്രാഡ് ബണ്ടിംഗ് തുടങ്ങിയവർ പങ്കെടുത്തു. നോർക്ക, കെ.എസ്.ഐ.ഡി.സി, കെഡി.ഐ.എസ്.സി, കേരള ടൂറിസം, മലയാളം മിഷൻ, എന്നിവയുടെയും പിന്തുണ സമ്മിറ്റിനുണ്ടെന്ന് കെ.എസ് വിനോദ് അറിയിച്ചു.

# സ്റ്റുഡന്റ്സ് ബിനാലെ: ക്യൂറേറ്റർമാരെ പ്രഖ്യാപിച്ച് കൊച്ചി ബിനാലെ ഫൗണ്ടേഷൻ

**കൊച്ചി:** വളർന്നു വരുന്ന യുവ കലാകാരന്മാർക്കായുള്ള കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ (കെബിഎഫ്) കലാവിദ്യാഭ്യാസ സംരംഭമായ സ്റ്റുഡന്റ്സ് ബിനാലെയ്ക്കുള്ള സഹക്യൂറേറ്റർമാരുടെ പേരുകൾ പ്രഖ്യാപിച്ചു. രാജ്യത്തെ ഏഴ് മേഖലകളായി തിരിച്ചാണ് സ്റ്റുഡന്റ്സ് ബിനാലെയ്ക്കുള്ള ക്യൂറേറ്റർമാരെ തെരഞ്ഞെടുത്തത്. ഇന്ത്യയിലെ ഏറ്റവും വലിയ സമകാലീന കലാമേളയായ കെഎംബിയുടെ ആറാം പതിപ്പ് 2025 ഡിസംബർ 12ന് ആരംഭിച്ച് 2026 മാർച്ച് 31 വരെ നീണ്ടുനിൽക്കും. കൊച്ചിമുസിരിസ് ബിനാലെയുടെ (കെഎംബി) ഉദ്ഘാടനത്തിന് ഒരു ദിവസം കഴിഞ്ഞാണ് (ഡിസംബർ 13) സ്റ്റുഡന്റ്സ് ബിനാലെ പ്രദർശനം ആരംഭിക്കുന്നത്. ക്യുറേറ്റർമാരായി പഞ്ചാബ്, ഡൽഹി, ഹരിയാന, ഗുജറാത്ത്, ഗോവ, രാജസ്ഥാൻ മേഖല സവ്യസാചി അഞ്ജു പ്രബീർ സുകന്യ ഡെബ്; കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ് ഡോ. സുധീഷ് കോട്ടേമ്പ്രം, ഡോ. ശീതൾ സി.പി; കർണാടക, തെലങ്കാന ചിനാർ ഷാ, അശോക് വിഷ്; ജമ്മു കാശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, ലഡാക്ക് ഖുർഷീദ് അഹമ്മദ് സൽമാൻ ബഷീർ ബാബ എന്നിവരാണ് പ്രതിനിധീകരിക്കുന്നത്. പശ്ചിമ ബംഗാൾ, ഒഡീഷ, ഉത്തർപ്രദേശ്, ഛത്തീസ്ഗഢ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികളെ ഗാബ്ബ എന്ന കലാകാരന്മാരുടെ കൂട്ടായ്മ (റിതുശ്രീ മോണ്ഡൽ, ഹിമാംഗ്ഷു ശർമ്മ, റബീഉൽ ഖാൻ, സുരജിത് മുടി) എന്നിവർ പ്രതിനിധീകരിക്കുന്നു. അംഗ ആർട്ട് കളക്ടീവ് ഏഴ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും സിക്കിമിലും ശിൽപ്പശാലകൾക്ക് നേതൃത്വം നൽകും. സെക്യുലർ ആർട്ട് കളക്ടീവ് (സാലിക് അൻസാരി, ഭൂഷൺ ഭോംബാലെ, ഷമീം ഖാൻ, ഷമൂദ അംറേലിയ എന്നിവർ പ്രതിനിധീകരിക്കുന്നു) മഹാരാഷ്ട്ര, ബിഹാർ, ഝാർഖണ്ഡ്, മധ്യപ്രദേശ് എന്നിവിടങ്ങളിലെ ശിൽപ്പശാലകൾക്ക് നേതൃത്വം നൽകും.രാജ്യത്തെ ഏഴ് മേഖലകളിലായി 150ലധികം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുമായി ഇടപെട്ടാണ് ക്യൂറേറ്റർമാർ പ്രവർത്തിക്കുന്നത്. അവർ വിദ്യാർത്ഥികളുമായി ആശയവിനിമയം നടത്തി പ്രദർശനത്തിൽ പങ്കെടുക്കേണ്ടവരെ തിരഞ്ഞെടുക്കുകയും, സ്റ്റുഡന്റ്സ് ബിനാലെ പ്രദർശനത്തിനായി പ്രോജക്റ്റുകൾ വികസിപ്പിക്കുന്നതിന് സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യും.

ക്ലാസ് മുറിയ്ക്ക് അപ്പുറമുള്ള ബദൽ വിദ്യാഭ്യാസത്തിനും പ്രയോഗിക പഠനത്തിനും ഊന്നൽ നൽകിക്കൊണ്ട്, രാജ്യത്തെ കലാ വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിനുള്ള വേദിയായി സ്റ്റുഡന്റ്സ് ബിനാലെ വർത്തിക്കും. വിദ്യാർത്ഥി ബിനാലെയുടെ ഓരോ പതിപ്പും പഠന പ്രക്രിയയാണെന്ന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ ഡയറക്ടർ ഓഫ് പ്രോഗ്രാംസ് മാരിയോ ഡിസൂസ പറഞ്ഞു.

# 3 ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

**തിരുവനന്തപുരം:** സംസ്ഥാനത്തെ 3 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരങ്ങൾ ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. തൃശൂർ ജനറൽ ആശുപത്രി 94.27 ശതമാനം, വയനാട് അപ്പാട് ജനകീയ ആരോഗ്യ കേന്ദ്രം 90.24 ശതമാനം എന്നീ ആരോഗ്യ കേന്ദ്രങ്ങൾക്കാണ് പുതുതായി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചത്. കൂടാതെ കണ്ണൂർ ചെറുതാഴം കുടുംബാരോഗ്യകേന്ദ്രം 90.80 ശതമാനത്തോടെ എൻ.ക്യു.എ.എസ്. പുനഃഅംഗീകാരവും ലഭിച്ചു. തൃശൂർ ജനറൽ ആശുപത്രിയ്ക്ക് എൻ.ക്യു.എ.എസ്. (94.27 ശതമാനം), മുസ്കാൻ (93.23 ശതമാനം), ലക്ഷ്യ (ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തീയേറ്റർ 94.32 ശതമാനം ലേബർ റൂം 90.56 ശതമാനം) എന്നീ സർട്ടിഫിക്കേഷനുകളാണ് ലഭിച്ചത്.

ഇതോടെ സംസ്ഥാനത്തെ ആകെ 277 ആരോഗ്യ കേന്ദ്രങ്ങൾക്കാണ് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചത്. 9 ജില്ലാ ആശുപത്രികൾ, 8 താലൂക്ക് ആശുപത്രികൾ, 14 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 47 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 169 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 30 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുണ്ട്. ഇതുവരെ സംസ്ഥാനത്ത് ആകെ 17 ആശുപത്രികൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. 3 മെഡിക്കൽ കോളേജുകൾക്കും 10 ജില്ലാ ആശുപത്രികൾക്കും 4 താലൂക്കാശുപത്രികൾക്കുമാണ് ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ളത്.

ഇതുവരെ ആകെ 7 ആരോഗ്യ സ്ഥാപനങ്ങൾക്കാണ് മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ളത്. 2 മെഡിക്കൽ കോളേജുകൾക്കും 5 ജില്ലാ ആശുപത്രികൾക്കുമാണ് മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ളത്.

# ദേവപ്രശ്നം : വിശ്വഹിന്ദു പരിഷത്ത് ഹൈക്കോടതിയിൽ

**കൊച്ചി:** ശബരിമലയുടെ പരിശുദ്ധി കളങ്കപ്പെടുത്തി എണ്ണിയാൽ തീരാത്ത അനിഷ്ഠ സംഭവങ്ങൾ അരങ്ങേറിയെന്നും അതിന് പിരിഹാരം കാണാൻ ദേവപ്രശ്നം വേണമെന്നും ആവശ്യപ്പെട്ട് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന ഘടകം ഹൈക്കോടതിയെ സമീപിച്ചു. 2018 ജൂണിലാണ് അവസാനമായി ശബരിമലയിൽ ദേവപ്രശ്നം നടന്നത്. അതിനുശേഷം യുവതി പ്രവേശനം, ദേവന്റെ സ്വർണ്ണമോഷണം, ഹലാൽ ശർക്കര തുടങ്ങി ശബരിമലയുടെ ആചാരത്തിനും അനുഷ്ഠാനങ്ങൾക്കും കോട്ടം തട്ടുന്ന തരത്തിൽ അവിശ്വാസികളായ ദേവസ്വം ഭരണകർത്താക്കൾ മനപ്പൂർവ്വം ഒട്ടേറെ കൃത്യങ്ങൾ ചെയ്തിട്ടുണ്ട്. ഇവയ്ക്കെല്ലാം പരിഹാരം തേടുന്നതിന് ദേവപ്രശ്നം അത്യാവശ്യമാണ്. വിശ്വഹിന്ദു പരിഷത്തിന് വേണ്ടി ജനറൽ സെക്രട്ടറി അഡ്വ.അനിൽ വിളയിലാണ് ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നതെന്ന് സംസ്ഥാന അധ്യക്ഷൻ വിജി തമ്പി പറഞ്ഞു. മണ്ഡല പൂജ തുടങ്ങുന്നതിന് മുമ്പ് തന്നെ ദേവപ്രശ്നം നടത്തണമെന്നാണ് വി.എച്ച്.പിയുടെ ആവശ്യം.

# ഫമീലിയ2 ഇന്ന് ആശിർഭവനിൽ

**കൊച്ചി:** ആഗോള കത്തോലിക്ക സഭയിലെ ജൂബിലി വർഷാചരണത്തോടനുബന്ധിച്ച് കെ.ആർ.എൽ.സി.ബി.സി. ഫാമിലി കമ്മിഷൻ നടത്തുന്ന നേതൃസംഗമം 'ഫമീലിയ2' ഇന്ന് എറണാകുളം ആശിർഭവൻ പാസ്റ്ററൽ സെന്ററിൽ നടക്കും. സംഗമത്തിൽ കേരളത്തിലെ 12 ലത്തീൻ രൂപതകളിലെയും കുടുംബ ശുശ്രൂഷ ഡയറക്ടർമാരും നേതൃനിരയിൽ പ്രവർത്തിക്കുന്ന സമിതിയംഗങ്ങളും, ആനിമേറ്റർമാരും, വോളന്റിയേഴ്സും, റിസോഴ്സ് പേഴ്സൻ അംഗങ്ങളും പങ്കെടുക്കും.

രാവിലെ 9 .30 മണിക്ക് ഫാ. അരുൺ മാത്യു തൈപറമ്പിലിന്റെ നേതൃത്വത്തിലുള്ള റോഡ് ബാൻഡ് നയിക്കുന്ന പാട്ട്, ചിന്ത, പ്രാർഥന എന്നിവയോടുകൂടിയാണ് സംഗമം ആരംഭിക്കുന്നത്. തുടർന്ന് ഡോ. വിൻസന്റ് വാരിയത്ത് 'കുടുംബം ഒരു ആനന്ദം' എന്ന വിഷയത്തിൽ ക്ലാസിന് നേതൃത്വം നൽകും. ആധുനിക ലോകത്ത് കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളെയും, കുടുംബങ്ങളുടെ വളർച്ചയ്ക്കും വീണ്ടെടുപ്പിനും കുടുംബ ശുശ്രൂഷകൾ കൈവരിക്കേണ്ട നവമായ അജപാലന സമീപനങ്ങളെക്കുറിച്ചും കെ.ആർ.എൽ.സി.ബി.സി ഫാമിലി കമ്മിഷൻ സെക്രട്ടറി ഡോ. എ.ആർ. ജോൺ അവതരിപ്പിക്കും. ഉച്ചയ്ക്ക് ജ്വലിക്കുന്ന ഹൃദയവും ചലിക്കുന്ന പാദങ്ങളും എന്ന സെഷനിൽ വിവിധ ഫാമിലി മൂവ്മെന്റുകളിലുള്ളവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കും. ഉച്ചയ്ക്ക് ശേഷം മൂന്ന് മണിക്ക് നടക്കുന്ന പൊതുസമ്മേളനം മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. കെ.ആർ.എൽ.സി.ബി.സി ഫാമിലി കമ്മിഷൻ ചെയർമാൻ ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കേത്തേച്ചേരിൽ അധ്യക്ഷത വഹിക്കും. വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ഡോ. ആന്റണി വാലുങ്കൽ അനുഗ്രഹ പ്രഭാഷണം നടത്തും. ചടങ്ങിൽ വിവിധ രൂപതകളിലെ കുടുംബ ശുശ്രൂഷകളിൽ നിസ്വാർത്ഥ സേവനം ചെയ്യുന്നവരെ ആദരിക്കും. അതോടൊപ്പം എല്ലാ രൂപതകളിൽ നിന്നുള്ള പ്രോലൈഫ് കുടുംബങ്ങളെ ആദരിക്കുകയും സാമ്പത്തിക സഹായം വിതരണം ചെയ്യും.

# ആശുപത്രിയിൽ രോഗികളെ ചുമന്നുകൊണ്ടുപോയ സംഭവം: നടപടി സ്വീകരിച്ചതായി ഡി.എം.ഒ

**കൊച്ചി:** പെരുമ്പാവൂർ താലൂക്ക് ആശുപത്രിയിൽ ലിഫ്റ്റ് ഇല്ലാത്തതിനാൽ രോഗികളെ സ്ട്രെക്ചറിൽ ചുമന്നുകൊണ്ടുപോയതു പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് എറണാകുളം ഡി.എം.ഒ. മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു. മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസിന്റെ ഇടപെടലിന്റെ അടിസ്ഥാനത്തിലാണ് നടപടി. അംഗപരിമിതരെയും നടക്കാൻ ബുദ്ധിമുട്ടുള്ളവരെയും ആശുപത്രിയുടെ താഴത്തെ നിലയിലാണ് പ്രവേശിപ്പിക്കുന്നതെന്ന് റിപ്പോർട്ടിൽ പറയുന്നു. ഓഗസ്റ്റ് 26 ന് പത്തടിപ്പാലം റസ്റ്റ് ഹൗസിൽ നടത്തിയ സിറ്റിംഗിൽ ഡി.എം.ഒ. യുടെ പ്രതിനിധിയും താലൂക്ക് ആശുപത്രി സൂപ്രണ്ടും ഹാജരായിരുന്നു.താലൂക്ക് ആശുപത്രിയിലെ ഒ.പി. യും കാഷ്വാലിറ്റിയും ഒരു ബ്ലോക്കിലായിരുന്നുവെന്നും വാർഡ് നവീകരണം നടത്തിയ സമയത്ത് ഒ.പി. യും കാഷ്വാലിറ്റിയും താത്കാലികമായി താഴത്തെ നിലയിലേക്ക് മാറ്റിയെന്നും റിപ്പോർട്ടിൽ പറയുന്നു. അഞ്ചാം വാർഡിലെ കിടപ്പുരോഗികളെ ഒന്നാം നിലയിലുള്ള ആറാം വാർഡിലേക്ക് മാറ്റി. ആശുപത്രിയിൽ ലിഫ്റ്റ് ഇല്ലാത്തതിനാൽ പടിക്കെട്ട് വഴിയാണ് ഇവരെ കൊണ്ടുപോയത്. ഇതാണ് പരാതിക്ക് ആസ്പദമായത്.

ബ്ലോക്കിന്റെ നവീകരണം പൂർത്തിയാക്കി ഒ.പി. യും കാഷ്വാലിറ്റിയും ആ ബ്ലോക്കിലേക്ക് മാറ്റിയതായി ആശുപത്രി സൂപ്രണ്ട് അറിയിച്ചു. ആശുപത്രി കെട്ടിടം പഴക്കം ചെന്ന തിനാൽ ലിഫ്റ്റ് സ്ഥാപിക്കാൻ ബുദ്ധിമുട്ടുണ്ട്. കിടപ്പുരോഗികളുടെ എണ്ണം വർധിച്ചാൽ കുറെ രോഗികളെയെങ്കിലും മുകളിലത്തെ നിലയിലുള്ള വാർഡിൽ പ്രവേശിപ്പിക്കേണ്ടി വന്നേക്കാമെന്നും സൂപ്രണ്ട് അറിയിച്ചു.കമ്മീഷൻ സ്വമേധയാ കേസെടുക്കാനുള്ള വിഷയങ്ങളും ബുദ്ധിമുട്ടുകളും പരിഹരിച്ച സാഹചര്യത്തിൽ കേസ് തീർപ്പാക്കി.



# കരുതലോടെ ആഘോഷം; ബോധവത്കരണവുമായി എ.എസ്.ജി. വാസൻ ഐ ഹോസ്പിറ്റൽസ്

**കൊച്ചി:** കരുതലോടെയുള്ള ആഘോഷത്തിന്റെ ഭാഗമായി ബോധവത്കരണ പരിപാടികൾക്ക് തുടക്കമിട്ട് നേത്ര ചികിത്സ സേവന ദാതാക്കളായ എ.എസ്.ജി. വാസൻ ഐ ഹോസ്പിറ്റൽസ്. വ്യക്തിഗത സുരക്ഷ ഉറപ്പുവരുത്തിയുള്ള ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതിന്റേയും, കണ്ണിന് ബുദ്ധിമുട്ടോ, പരിക്കുകളോ സംഭവിച്ചാൽ, വിദഗ്ധ ചികിത്സ തേടേണ്ടതിന്റെ പ്രാധാന്യവും ഉയർത്തിക്കാട്ടുന്ന രീതിയിലാണ് ക്യാമ്പയിൻ രൂപകൽപന ചെയ്തിരിക്കുന്നത്.

15 വയസ്സിന് താഴെയുള്ള കുട്ടികൾക്കായി സൗജന്യ നേത്രപരിശോധന ഡ്രൈവും സംഘടിപ്പിക്കുന്നുണ്ട്. പടക്കം പൊട്ടിക്കുന്നതിനിടെ കണ്ണിന് പരിക്കുകൾ സംഭവിച്ച കുട്ടികൾക്കാണ്, സൗജന്യ പരിശോധന പ്രഖ്യാപിച്ചിരിക്കുന്നത്. ഒക്ടോബർ 24 വരെ എ.എസ്.ജി വാസൻ ഐ ഹോസ്പിറ്റലിന്റെ ഇന്ത്യയിലെ എല്ലാ ബ്രാഞ്ചുകളിലും സൗജന്യ നേത്രപരിശോധനാ സേവനം ലഭ്യമാണ്. പടക്കം പൊട്ടിച്ചുണ്ടാകുന്ന അപകടങ്ങളിൽ കുട്ടികൾക്ക്, വിദഗ്ധ ചികിത്സ ഉറപ്പാക്കാനായാൽ കാഴ്ചശക്തി നഷ്ടപ്പെടാതെ രക്ഷിക്കാൻ കഴിയുമെന്ന് എ.എസ്.ജി വാസൻ ഐ ഹോസ്പിറ്റലിന്റെ കേരള റീജിയണൽ മെഡിക്കൽ ഡയറക്ടർ ഡോ. സോണി ജോർജ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

അത്തരം ചികിത്സാ സേവനങ്ങൾ ഉറപ്പാക്കാൻ, വിദഗ്ദ്ധരായ ഡോക്ടർമാരുടെ സംഘം, എ.എസ്.ജി. വാസൻ ഐ ഹോസ്പിറ്റൽസിന്റെ എല്ലാ കേന്ദ്രങ്ങളിലും സജ്ജമാണെന്നും, അദ്ദേഹം വ്യക്തമാക്കി. കൊച്ചിൻ എ.എസ്.ജി വാസൻ ഐ ഹോസ്പിറ്റൽസ് ചീഫ് മെഡിക്കൽ ഓഫീസർ ഡോ. ശ്രീശങ്കർ, മാർക്കറ്റിംഗ് ആന്റ് ബിസിനസ് ഡെവലപ്മെന്റ് കേരള റീജിയണൽ ഹെഡ് ജെസ്വിൻ വി. പോൾ, ഓപ്പറേഷൻസ് റീജിയണൽ ഹെഡ് സുമിത്ത് കെ. സുരേന്ദ്രൻ എന്നിവരും പങ്കെടുത്തു.




# ഇൻഫോപാർക്ക് ഫേസ് ത്രീ ലാൻഡ് പൂളിംഗ് നടപടികൾക്ക് തുടക്കമായി

**കൊച്ചി:** ഇൻഫോപാർക്ക് ഫേസ് മൂന്നിനായി ലാൻഡ് പൂളിംഗ് വ്യവസ്ഥയിൽ ഭൂമിയേറ്റെടുക്കാനുള്ള തീരുമാനം സംസ്ഥാനത്തിന്റെ വികസന ഭാവിയിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവരുമെന്ന് വ്യവസായ നിയമകയർ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. ലാൻഡ് പൂളിംഗിലൂടെ ഇൻഫോപാർക്ക് ഫേസ് ത്രീയ്ക്കായി സ്ഥലമേറ്റെടുക്കുന്നതിന് ചുമതല വഹിക്കുന്ന ജിസിഡിഎ (ഗ്രേറ്റർ കൊച്ചി ഡെവലപ്മന്റ് അതോറിറ്റി) ലാൻഡ് പൂളിംഗ് ഓഫീസിന്റെ ഉദ്ഘാടനം ഇൻഫോപാർക്ക് ഫേസ് ഒന്നിലെ പാർക്ക് സെന്ററിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.ഭൂമിയേറ്റെടുക്കുന്ന നടപടികൾ ലളിതവത്കരിക്കാൻ സംസ്ഥാന സർക്കാർ നിരവധി ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. അതിലെ ഏറ്റവും ക്രിയാത്മകമായതാണ് ലാൻഡ് പൂളിംഗ്. ഇൻഫോപാർക്കിന് സ്വന്തം വിഭവശേഷി ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ പദ്ധതികൾക്ക് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിനാൽ തന്നെ ഭാവി വികസനപ്രവർത്തനങ്ങൾക്ക് ഇത് വേഗം കൂട്ടുമെന്നും മന്ത്രി പറഞ്ഞു.ഐടി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു അധ്യക്ഷത വഹിച്ചു.നിർദ്ദിഷ്ട ഇൻഫോപാർക്ക് ഫേസ് ത്രീ എഐ സിറ്റിയെന്ന ആശയം ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ സദസ്സിന് മുന്നിൽ അവതരിപ്പിച്ചു. ലാൻഡ് പൂളിംഗ്, എഐ സിറ്റി കോൺസെപ്റ്റ് എന്നിവ അടങ്ങിയ ബുക്ക് ലെറ്റ് എറണാകുളം ജില്ല അസി. കളക്ടർ പാർവതി ഗോപകുമാർ ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻ പിള്ള, ജിസിഡിഎ സെക്രട്ടറി എം വി ഷാരി, എക്സിക്യൂട്ടീവ് കമിറ്റി അംഗം എ. ബി സാബു സംസാരിച്ചു.

# എൻഎസ്ഇയിൽ ഹരിത മുൻസിപ്പൽ ബോണ്ട് പുറത്തിറക്കി എസ്എംസി

**കൊച്ചി:** സൂറത്ത് മുനിസിപ്പൽ കോർപ്പറേഷൻ (എസ്എംസി) എൻഎസ്ഇയിൽ 200 കോടിയുടെ ഹരിത മുനിസിപ്പൽ ബോണ്ട് പുറത്തിറക്കി. ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലിന്റെ സാന്നിധ്യത്തിൽ നടന്നു. ചടങ്ങിൽ സൂററ്റ് സിറ്റി മേയർ ദ്രക്ഷേഷ് മവാനി,എൻഎസ്ഇ എംഡി ആൻഡ് എഎംപി സിഇഒ ആശിഷ്കുമാർ ചൗഹാൻ, ശാലിനി അഗർവാൾ, ഡോ. വിക്രാന്ത് പാണ്ഡെ എന്നിവർ സംബന്ധിച്ചു. 100 കോടിയുടെ അടിസ്ഥാന പുറത്തിറക്കൽ വലുപ്പവും 100 കോടിയുടെ

ഹരിതഷൂ ഓപ്ഷനുമുള്ള പൊതുവായ പുറത്തിറക്കലിന് അടിസ്ഥാന ഇഷ്യുവിന്റെ എട്ട് മടങ്ങിലധികം സബ്സ്ക്രിപ്ഷൻ ലഭിച്ചു. പ്രധാന കാലാവസ്ഥാപ്രതിരോധശേഷിയുള്ള നഗര അടിസ്ഥാന സൗകര്യ പദ്ധതികൾക്കായി വിനിയോഗിക്കും. ഹരിത മുനിസിപ്പൽ ബോണ്ട് പുറത്തിറക്കിയതിൽ സൂറത്ത് മുനിസിപ്പൽ കോർപ്പറേഷനെ അഭിനന്ദിക്കുന്നതായി എൻഎസ്ഇ എംഡിയും സിഇഒയുമായ ആശിഷ്കുമാർ ചൗഹാൻപറഞ്ഞു.




# കൊല്ലത്ത് ബിഗ്ബാസ്ക്കറ്റ് 10 മിനിറ്റ് ഡെലിവറി സേവനം ആരംഭിച്ചു

**കൊച്ചി:** ടാറ്റ എന്റർ പ്രൈസായ ബിഗ്ബാസ്ക്കറ്റ് കൊല്ലത്ത് ക്വിക്ക് ഡെലിവറി സേവനം ആരംഭിച്ചു. പുതിയ ഉൽപ്പന്നങ്ങൾ, ഇലക്ട്രോണിക്സ്, വ്യക്തിഗത അവശ്യവസ്തുക്കൾ എന്നിവയുൾപ്പെടെ 10,000ത്തിലധികം ഉൽപ്പന്നങ്ങളുടെ വൈവിധ്യമാർന്ന ശേഖരം ബിഗ്ബാസ്ക്കറ്റ് കൊല്ലത്ത് അവതരിപ്പിക്കുന്നുണ്ട്. ഇവയെല്ലാം10 മിനിറ്റിനുള്ളിൽ വിതരണം ചെയ്യുന്നു എന്ന പ്രത്യേകതയുമുണ്ട്.കൊല്ലം തിരക്കേറിയ ഒരു നഗരമായി മാറുമ്പോൾ പ്രദേശവാസികൾ കൂടുതൽ മികച്ചതും കാര്യക്ഷമവുമായ ഷോപ്പിംഗ് പരിഹാരങ്ങൾ തേടുന്നു. വേഗത, സൗകര്യം, വിശ്വാസ്യത എന്നിവയ്ക്കായുള്ള നഗരത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യകത 10 മിനിറ്റ് ഡെലിവറി സേവനത്തിന് അനുയോജ്യമാക്കി മാറ്റുന്നതായി ബിഗ്ബാസ്ക്കറ്റ് പറയുന്നു.10 മിനിറ്റ് ഡെലിവറി സേവനം വേഗതയേറിയതും വിശ്വസനീയവും വൈവിധ്യപൂർണ്ണവുമായ സേവനം വാഗ്ദാനം ചെയ്യുന്നതിന്റെ ഭാഗമായാണ് ബിഗ്ബാസ്ക്കറ്റ് അവതരിപ്പിക്കുന്നത്. കൊല്ലത്തേക്ക് ബിഗ്ബാസ്കറ്റിനെ പരിചയപ്പെടുത്തുന്നതിൽ സന്തോഷമുള്ളതായി ബിഗ്ബാസ്കറ്റിന്റെ ടയർ 2 നാഷണൽ ബിസിനസ് മേധാവി ശശി ശേഖർ പറഞ്ഞു.

# സാമ്പത്തിക ഫലങ്ങൾ പ്രഖ്യാപിച്ച് വിപ്രോ

**കൊച്ചി:** മുൻനിര എഐ അധിഷ്ഠിത സാങ്കേതിക സേവന, കൺസൾട്ടിംഗ് കമ്പനിയായ വിപ്രോ ലിമിറ്റഡ്, 2025 സെപ്റ്റംബർ 30 ന് അവസാനിച്ച പാദത്തിലെ ഇന്റർനാഷണൽ ഫിനാൻഷ്യൽ റിപ്പോർട്ടിംഗ് സ്റ്റാൻഡേർഡ്സ് പ്രകാരമുള്ള സാമ്പത്തിക ഫലങ്ങൾ പ്രഖ്യാപിച്ചു. 2025 സെപ്റ്റംബർ 30ന് അവസാനിച്ച പാദത്തിൽ കമ്പനി 22,700 കോടി മൊത്ത വരുമാനവും 3,250 കോടി ലാഭവും നേടിയതായി വിപ്രോ പ്രഖ്യാപിച്ചു. ഈ പാദത്തിലെ ഐടി സേവനങ്ങളുടെ അഡ്ജസ്റ്റ് ചെയ്ത പ്രവർത്തന മാർജിൻ 17.2% ആയിരുന്നു. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 0.4% വർദ്ധിച്ചു. ഈ പാദത്തിൽ, കമ്പനി 2,853 മില്യൺ മൂല്യമുള്ള വലിയ ഡീലുകൾ ബുക്ക് ചെയ്തു, ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 90.5% വളർച്ചയാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഗ്ലോബൽ എം ഐ സി ഇ കോൺഗ്രസ് മോസ്കോയിൽ

**കൊച്ചി:** ടൂറിസം, ഹോസ്പിറ്റാലിറ്റി വ്യവസായങ്ങൾക്കു അന്താരാഷ്ട്ര തലത്തിൽ സമഗ്ര വളർച്ച ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന മൂന്നാമത് 'മീറ്റ് ഗ്ലോബൽ എം ഐ സി ഇ കോൺഗ്രസ് 2025' ന് മോസ്കോ വേദിയാകും. ഈ വർഷം ഡിസംബർ 17, 18 തീയതികളിൽ മോസ്കോ വേൾഡ് ട്രേഡ് സെൻററിൽ സമ്മേളനത്തിന് തിരി തെളിയുന്നതോടെ മോസ്കോ ആഗോള എം ഐ സി ഇ വ്യവസായത്തിന്റെ കേന്ദ്രബിന്ദുവായി മാറും. ബ്രിക്സ് രാജ്യങ്ങൾ, ഗ്ലോബൽ സൗത്ത് രാജ്യങ്ങൾ എന്നിവിടങ്ങളിലെ വിദഗ്ധരെയും മുൻനിര പ്രഭാഷകരെയും എം ഐ സി ഇ പ്ലാനർമാരെയും ഒരുമിച്ച് കൂട്ടിയിണക്കി ആശയങ്ങൾ കൈമാറാനും സഹകരിക്കാനും വ്യവസായത്തിലെ ഏറ്റവും പുതിയ പ്രവണതകളെക്കുറിച്ചും സമ്മേളനം ചെയ്യും. തുറന്ന വൈവിധ്യത്തിലൂടെ ഐക്യം: ആഗോള വളർച്ചയ്ക്ക് പുതിയ സാധ്യതകൾ എന്ന സമ്മേളനത്തിന്റെ മുഖ്യ വിഷയത്തിൽ 15 ൽ പരം ബിസിനസ് സെക്ഷനുകൾ നടക്കും. മേഖലയിലെ നവീന പ്രവണതകൾ മനസ്സിലാക്കാനും പ്രൊഫഷണൽ സേവനങ്ങൾ ആഗ്രഹിക്കുന്നവർക്കും ഈ മീറ്റ് ഏറെ ഗുണം ചെയ്യും. ഇന്ത്യ, ചൈന, തെക്ക് കിഴക്കൻ ഏഷ്യ, ആഫ്രിക്ക, ലാറ്റിൻ അമേരിക്ക, സിഐഎസ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഉയർന്ന നിലവാരമുള്ള 2000 ൽ പരം പ്രൊഫഷണലുകൾ കോൺഗ്രസിൽ പങ്കെടുക്കും. പങ്കെടുക്കാൻ താൽപര്യമുള്ളവർക്കു Russpass Business എന്ന പോർട്ടൽ വഴി ഡിസംബർ 12 വരെ രജിസ്ട്രേഷൻ ചെയ്യാം.




# മാഗ്നൈറ്റ് എഎംടിയിലും സിഎൻജി അവതരിപ്പിച്ച് നിസാൻ

**കൊച്ചി:** പുതിയ സിഎൻജി പരിഷ്കരണം മാഗ്നൈറ്റ് ബിആർ10 ഇസിഷിഫ്റ്റ് എഎംടിയിലേക്ക് കൂടി വ്യാപിപ്പിച്ച് നിസാൻ മോട്ടോർ ഇന്ത്യ. ഈ വർഷം ആദ്യം മാഗ്നൈറ്റ് ബിആർ10 മാനുവൽ ട്രാൻസ്മിഷനു കൊണ്ടുവന്ന സർക്കാർ അംഗീകൃത സിഎൻജി റെട്രോഫിറ്റ്മെന്റ് കിറ്റ് മികച്ച പ്രതികരണം നേടിയതിനു പിന്നാലെയാണ് ഇസിഷിഫ്റ്റ് എഎംടിയിലേക്ക് കൂടി സിഎൻജി വ്യാപിപ്പിച്ചത്. ഒപ്പം, സിഎൻജി റെട്രോഫിറ്റ് ചെയ്ത പുതിയ നിസാൻ മാഗ്നൈറ്റുകൾക്ക് സ്റ്റാൻഡേർഡ് ഫ്യുവൽ ലിഡുള്ള ഇന്റഗ്രേറ്റഡ് ഫ്യുവൽ ലിഡ് ഡിസൈൻ സംവിധാനവും അവതരിപ്പിച്ചു. ഇത് കൂടുതൽ സൗകര്യം, വേഗത്തിൽ ഇന്ധനം നിറയ്ക്കൽ, മെച്ചപ്പെട്ട എർഗണോമിക്സ് എന്നിവ നൽകും. സിഎൻജി റെട്രോഫിറ്റ്മെന്റ് കിറ്റിന് 3 വർഷം അല്ലെങ്കിൽ 1 ലക്ഷം കിലോമീറ്റർ വാറണ്ടിയുമുണ്ട്. ജി എസ് ടി പരിഷ്കരണത്തെ തുടർന്ന്, നിസാൻ സിഎൻജി റെട്രോഫിറ്റ്മെന്റ് കിറ്റിന് വില 71,999 ആയി കുറച്ചിട്ടുമുണ്ട്.




# ആസ്റ്റർ മെഡ്സിറ്റിയിൽ ഹെഡ് ആൻഡ് നെക്ക് ഓങ്കോളജി നെറ്റ്വർക്ക് തുടങ്ങി

**കൊച്ചി:** തലയിലെയും കഴുത്തിലെയും അർബുദങ്ങളുടെ ചികിത്സയ്ക്കായി കേരളത്തിലെ ആദ്യത്തെ സംയോജിത ശൃംഖല രൂപീകരിച്ച് ആസ്റ്റർ മെഡ്സിറ്റി.

ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഇന്ത്യയിൽ സംസ്ഥാനവ്യാപകമായി പ്രവർത്തിക്കുന്ന ആദ്യത്തെ ഏകീകൃത കാൻസർ പരിചരണ ശൃംഖല കൂടിയാണ് ആസ്റ്റർ ഹെഡ് ആൻഡ് നെക്ക് ഓങ്കോളജി നെറ്റ്വർക്ക് കേരള ക്ലസ്റ്റർ എന്ന് ആസ്റ്റർ മെഡ്സിറ്റി സിഇഒ ഡോ. നളന്ദ ജയദേവ്, സിഒഒ ഡോ. ഷുഹൈബ് ഖാദർ, കേരള ക്ലസ്റ്റർ, ആസ്റ്റർ ഹെഡ് ആൻഡ് നെക്ക് ഓങ്കോളജി നെറ്റ്വർക്ക് പ്രോഗ്രാം ഡയറക്ടറും, ആസ്റ്റർ മെഡ്സിറ്റിയിലെ ഹെഡ് ആൻഡ് നെക്ക് ഓങ്കോളജി സീനിയർ കൺസൾട്ടന്റുമായ ഡോ. ഷോൺ ടി. ജോസഫ്, ആസ്റ്റർ മെഡ്സിറ്റി മെഡിക്കൽ ഓങ്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. അരുൺ ആർ. വാരിയർ എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കേരള ക്ലസ്റ്റർ, ആസ്റ്റർ ഹെഡ് ആൻഡ് നെക്ക് ഓങ്കോളജി നെറ്റ്വർക്ക് പ്രോഗ്രാം ഡയറക്ടറും, ആസ്റ്റർ മെഡ്സിറ്റിയിലെ ഹെഡ് ആൻഡ് നെക്ക് ഓങ്കോളജി സീനിയർ കൺസൾട്ടന്റുമായ ഡോ. ഷോൺ ടി. ജോസഫിന്റെ നേതൃത്വത്തിലാണ് കേരളത്തിലെ ആസ്റ്റർ ആശുപത്രികളെ ബന്ധിപ്പിച്ചുകൊണ്ട് വിപുലമായ ചികിത്സാസൗകര്യങ്ങൾ ഒരുക്കാനാൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഹബ്ആൻഡ് സ്പോക്ക് മാതൃകയിലാണ് ഈ ശൃംഖല പ്രവർത്തിക്കുക. രോഗികൾക്ക് അവർ താമസിക്കുന്നയിടത്ത് നിന്നും ഏറ്റവും അടുത്തുള്ള ആസ്റ്റർ ആശുപത്രികളിൽ നിന്നുതന്നെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ചികിത്സയും തുടർചികിത്സയും ലഭിക്കും എന്നതാണ് പ്രത്യേകത. 'ലോകോത്തര നിലവാരമുള്ളതും ഗവേഷണങ്ങളെ അടിസ്ഥാനമാക്കിയുള്ളതുമായ കാൻസർ പരിചരണം കേരളത്തിലെ ഓരോ രോഗിക്കും ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ഓറൽ ഓങ്കോളജി ആൻഡ് റീകൺസ്ട്രക്ഷൻ, തൈറോയ്ഡ് കാൻസർ ലാറിംഗോളജി, മിനിമലി ഇൻവേസിവ് സർജറി ആൻഡ് റോബോട്ടിക് സർജറി യൂണിറ്റുകൾ, സ്പീച്ച് ആൻഡ് സോളോവിങ് റീഹാബിലിറ്റേഷൻ, ഓങ്കോസൈക്കോളജി എന്നിങ്ങനെയുള്ള ഉപവിഭാഗങ്ങളും ഇതിൽ ഉൾപ്പെടുന്നു. രോഗികളുടെ വിവരങ്ങളും പുരോഗതിയും ആഴത്തിൽ മനസ്സിലാക്കുന്നതിനായി ഡാറ്റാ സയന്റിസ്റ്റുകളെയും പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. ആഗോള കാൻസർ ചികിത്സാ മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും എല്ലാ പ്രവർത്തനങ്ങളും. അന്താരാഷ്ട്ര നിലവാരമുള്ള ഇമ്മ്യൂണോതെറാപ്പി പ്രോട്ടോക്കോളുകൾ ചികിത്സാപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംയുക്ത ട്യൂമർ ബോർഡുകളും അക്കാദമിക് പ്രോഗ്രാമുകളും അനുബന്ധമായി നടത്തും. 'അത്യാധുനിക സാങ്കേതികവിദ്യയും കേരളത്തിൽ ആസ്റ്ററിനുള്ള വലിയ ആശുപത്രി നെറ്റ്വർക്കുമാണ് ഈ പ്രോഗ്രാമിന്റെ ഏറ്റവും വലിയ ശക്തി.ഓരോ മേഖലയിലും കണ്ടുവരുന്ന കാൻസറിന്റെ പ്രാദേശികമായ പ്രത്യേക പ്രവണതകൾ കൂടി കണ്ടെത്താനും രോഗി കേന്ദ്രീകൃതവും വ്യക്തിഗതവുമായ വിദഗ്ദ്ധ പരിചരണം നൽകാനും ഈ കേന്ദ്രത്തിന് കഴിയും.

സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർക്ക് ചികിത്സയ്ക്ക് ആവശ്യമുള്ള തുക ആസ്റ്റർ ഡിഎം ഫൗണ്ടേഷൻ വഴി ലഭ്യമാക്കുന്നതിനുള്ള സൗകര്യവും ചെയ്തുനൽകും. വായിലെയും ഉമിനീർ ഗ്രന്ഥിയിലെയും അർബുദ പരിചരണത്തിന് അത്യാധുനിക സൗകര്യങ്ങളാണ് ആസ്റ്റർ മെഡ്സിറ്റിയിൽ ഉള്ളത്.

തലയിലും കഴുത്തിലും ഉണ്ടാകുന്ന അർബുദങ്ങൾക്ക് സമഗ്രമായ പരിചരണം ഉറപ്പാക്കാൻ ഈ പ്രോഗ്രാമിന് കീഴിൽ നൂതന സാങ്കേതികവിദ്യയും മൾട്ടിഡിസിപ്ലിനറി സമീപനവും ഉണ്ടായിരിക്കുമെന്നും ഇവർ വ്യക്തമാക്കി.

# ഫെഡറൽ ബാങ്കിന് 955.26 കോടി രൂപ അറ്റാദായം

**കൊച്ചി:** 2025 സെപ്റ്റംബർ 30 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ രണ്ടാംപാദത്തിൽ ഫെഡറൽ ബാങ്കിന്റെ മൊത്തം ബിസിനസ് 533576.64 കോടി രൂപയായി ഉയർന്നു. മുൻവർഷം ഇതേ പാദത്തിൽ 269106.59 കോടി രൂപയായിരുന്ന നിക്ഷേപം 7.36 ശതമാനം വർദ്ധനവോടെ 288919.58 കോടി രൂപയായി. 1644.17 കോടി രൂപയാണ് പ്രവർത്തന ലാഭം. അറ്റാദായം 955.26 കോടി രൂപയാണ്. വായ്പാ വിതരണത്തിലും ബാങ്കിന് മികച്ച വളർച്ച കൈവരിക്കാൻ സാധിച്ചു. ആകെ വായ്പ മുൻ വർഷത്തെ 2,30,312.24 കോടി രൂപയിൽ നിന്ന് 2,44,657.06 കോടി രൂപയായി വർധിച്ചു. 6.23 ശതമാനമാണ് വളർച്ചാനിരക്ക്. മൊത്തവരുമാനം 3.75 ശതമാനം വർധനയോടെ 7824.33 കോടി രൂപയിലെത്തി. ഫീ വരുമാനം 13 ശതമാനം വർദ്ധനവോടെ 885.54 കോടി രൂപയായി. 4532.01 കോടി രൂപയാണ് ബാങ്കിന്റെ മൊത്ത നിഷ്ക്രിയ ആസ്തി. മൊത്തം വായ്പകളുടെ 1.83 ശതമാനമാണിത്. അറ്റനിഷ്ക്രിയ ആസ്തി 1165.16 കോടി രൂപയാണ്. മൊത്തം വായ്പകളുടെ 0.48 ശതമാനമാണിത്. 73.45 ശതമാനം ആണ് നീക്കിയിരുപ്പ് അനുപാതം. ഈ പാദത്തോടെ ബാങ്കിന്റെ അറ്റമൂല്യം 34819.84 കോടി രൂപയായി വർധിച്ചു. 15.71 ശതമാനമാണ് മൂലധന പര്യാപ്തതാ അനുപാതം. ബാങ്കിന് നിലവിൽ 1595 ബാങ്കിംഗ് ഔട്ട് ലെറ്റുകളും 2082 എടിഎം , സിഡിഎമ്മുകളുമുണ്ട്. ബാങ്കിന്റെ

FEDERAL BANK
YOUR PERFECT BANKING PARTNER

അടിത്തറ ശക്തമാക്കാനും ഭാവി കെട്ടിപ്പടുക്കാനും ഉതകുന്ന തരത്തിലുള്ള പല നൂതന ആശയങ്ങളും കഴിഞ്ഞ കുറച്ചു മാസങ്ങളായി ഞങ്ങൾ നടപ്പിലാക്കിവരികയാണെന്നും അതിന്റെ ഫലം ദൃശ്യമാവാൻ തുടങ്ങിക്കഴിഞ്ഞുവെന്നും ബാങ്കിന്റെ എംഡിയും സി ഇ ഒ യുമായ കെ.വി. എസ് മണിയൻ പറഞ്ഞു. ഇടപാടുകാർക്ക് ബാങ്കിലുള്ള വിശ്വാസത്തിന്റെയും ഞങ്ങളുടെ ടീമിന്റെ പ്രവർത്തനമികവിന്റെയും തെളിവെന്ന നിലയിൽ ബാങ്കിന്റെ കറന്റ് സേവിംഗ്സ് അക്കൗണ്ട് ബിസിനസ് സുസ്ഥിരവും അർത്ഥപൂർണവുമായ വളർച്ച കൈവരിച്ചുകഴിഞ്ഞുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# റിലയൻസ്: രണ്ടാം പാദ അറ്റാദായത്തിൽ 9.6 ശതമാനം വർധന

**കൊച്ചി/ മുംബൈ:** മുകേഷ് അംബാനി നേതൃത്വം നൽകുന്ന റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ സെപ്റ്റംബർ പാദത്തിലെ ഫലം പ്രഖ്യാപിച്ചു. ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള രണ്ടാം പാദത്തിലെ അറ്റാദായത്തിൽ കമ്പനി 9.6 ശതമാനം വർധന രേഖപ്പെടുത്തി. ഗ്രൂപ്പിന് കീഴിലുള്ള ഉപഭോക്തൃ ബിസിനസുകൾ മികച്ച പ്രകടനം നടത്തിയതും ഓയിൽ ടു കെമിക്കൽ യൂണിറ്റ് ആഗോള പ്രതിസന്ധികളെ മറികടന്ന് മുന്നേറിയതുമാണ് റിലയൻസിന് തുണയായത്.

അതേസമയം ആദ്യപാദത്തെ അപേക്ഷിച്ച് അറ്റാദായത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ജൂലൈ,സെപ്റ്റംബർ പാദത്തിലെ അറ്റാദായം 18,165 കോടി രൂപയാണ്. മുൻവർഷം ഇതേ കാലയളവിൽ അറ്റാദായം 16653 കോടി രൂപയായിരുന്നു.

# അശോക യൂണിവേഴ്സിറ്റി: അപേക്ഷകൾ ക്ഷണിച്ചു

**കൊച്ചി:** ഇന്റർ ഡിസിപ്ലിനറി കമ്പ്യൂട്ടർ സയൻസ്, നാച്ചുറൽ സയൻസസ്, സോഷ്യൽ സയൻസസ്, ഹ്യൂമാനിറ്റീസ് എന്നിവയിൽ ഇന്ത്യയിലെ മുൻനിര സ്ഥാപനമായ അശോക യൂണിവേഴ്സിറ്റി ബിരുദ കോഴ്സുകളുടെ 2026 ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. അക്കാദമിക മികവിനൊപ്പം പ്രായോഗികവും വിവിധ വിഷയങ്ങൾ സമന്വയിപ്പിച്ചുള്ളതുമായ പഠനം ഉറപ്പാക്കുന്ന വിപുലമായ കോഴ്സുകളിൽ നിന്നും അപേക്ഷകർക്ക് തിരഞ്ഞെടുക്കാം. 2025-2026 അഡ്മിഷൻ സൈക്കിളിൽ നിരവധി സുപ്രധാന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാൻ അവസരം നൽകുക, വൈവിധ്യമാർന്ന അക്കാദമിക പഠനരീതികൾ ലഭ്യമാക്കുകയെന്നതാണ് ലക്ഷ്യമെന്ന് അധികൃതർ അറിയിച്ചു.

# എൽജി എസെൻഷ്യൽ സീരീസ് അവതരിപ്പിച്ചു

**കൊച്ചി:** എൽജി ഇലക്ട്രോണിക്സ് ഇന്ത്യ ലിമിറ്റഡ് എൽജി എസൻഷ്യൽ സീരീസ് അനാവരണം ചെയ്തു. ഇന്ത്യൻ കാഴ്ച്ചപ്പാടുമായി താഴെത്തട്ടിൽ നിന്ന് സൃഷ്ടിച്ച ഹോം അപ്ലയൻസസിന്റെ പുതിയ നിര. എൽജിഇഐ എൽന്റെ പബ്ലിക് ലിസ്റ്റിംഗിന് ശേഷമുള്ള കമ്പനിയുടെ ആദ്യത്തെ പ്രധാന ഉപഭോക്തൃ സംരംഭമെന്ന നിലയിൽ, ഇന്ത്യയോടുള്ള എൽജി ഇലക്ട്രോണിക്സിന്റെ പുതുക്കിയ പ്രതിബദ്ധതയെയാണ് എസൻഷ്യൽ സീരീസ് പ്രതിഫലിപ്പിക്കുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു. ദശലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് അവരുടെ ഉരുത്തിരിയുന്ന അഭിലാഷങ്ങൾ നിറവേറ്റുമ്പോൾ തന്നെ ഇന്നൊവേഷൻ കൂടുതൽ ആക്സസിബിൾ ആക്കുന്നു. എല്ലാ വീട്ടിലും അപ്ലയൻസസ്, എല്ലാ വീട്ടിലും സന്തോഷം എന്ന കാംപെയിൻ സ്ലോഗന് കീഴിൽ, ആദ്യം തന്നെ ലൈഫ് ഈസ് ഗുഡ് എന്ന ബ്രാൻഡ് വാഗ്ദാനം കൂടുതൽ വീടുകളിൽ എത്തുന്നുവെന്ന് ഉറപ്പാക്കി എൽജി ഉപഭോക്താക്കളുടെ ജീവിതശൈലി സമ്പന്നമാക്കാനാണ് എൽജി ലക്ഷ്യമിടുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# ഹിറ്റാച്ചി എയർ കണ്ടീഷണർ ഡിസൈൻ ആശയങ്ങൾക്ക് റെഡ് ഡോട്ട് ഡിസൈൻ അവാർഡ്

**കൊച്ചി:** ഹിറ്റാച്ചിയുടെ എയർ കണ്ടീഷണിംഗ് ഡിസൈൻ ആശയങ്ങളായ റെഡ് ക്ലോസെറ്റും എയർ ഹൈവും 2025ലെ റെഡ് ഡോട്ട് ഡിസൈൻ കോൺസെപ്റ്റ് അവാർഡിൽ അംഗീകാരം നേടി. അതിൽ എയർ ക്ലോസെറ്റ് ബെസ്റ്റ് ഓഫ് ദി ബെസ്റ്റ് പുരസ്കാരം നേടി, എയർ ഹൈവ് ഡിസൈൻ കോൺസെപ്റ്റ് അവാർഡും നേടി.

ഇന്റീരിയർ ഡിസൈൻ ഘടകങ്ങളിലേക്കാണ് ഈ പുതിയ എയർ കണ്ടീഷണിംഗ് ആശയങ്ങൾ ഉൾപ്പെടുന്നത്. എയർ ക്ലോസെറ്റ് വെർട്ടിക്കൽ സ്റ്റോറേജ് ഫർണീച്ചർ വിഭാഗത്തിലേക്കാണ് എയർ കണ്ടീഷണർ ഘടിപ്പിച്ചിരിക്കുന്നത്. ഭിത്തിയോട് ചേർന്ന് നിൽക്കുന്ന അലമാരകളുടെ വലിപ്പവും ഉയരവുമാണ് ഈ ആശയത്തിന് പ്രചോദനമായത്. അലമാരയുടെ വശങ്ങളിലായി എയർ വെന്റുകൾ ഉൾപ്പെടുത്തിയാണ് വായു വിതരണ സംവിധാനം ഒരുക്കിയത്.




# സയൻസിന്റെ വിസ്മയ ലോകം തുറന്ന് ഹൈലൈറ്റ് മാൾ സയൻസ് ഫെസ്റ്റ്

**കോഴിക്കോട്:** സയൻസിന്റെ വിസ്മയ ലോകം ആഘോഷമാക്കി ഹൈലൈറ്റ് മാൾ സംഘടിപ്പിക്കുന്ന സയൻസ് ഫെസ്റ്റിൽ കുട്ടികളുടെ നിറഞ്ഞ പങ്കാളിത്തം. മാളിൽ ആരംഭിച്ച സയൻസ്ഫെസ്റ്റിൽ അറിവിന്റെ അത്ഭുത ലോകം തുറക്കാൻ പരസ്പരം സംവദിച്ചും സെൻസറുകളും റോബോട്ടിക്സും അടക്കമുള്ള വിവിധ സാങ്കേതികവിദ്യകൾ സംയോജിപ്പിച്ച് ഉപകരണങ്ങളും കാറുകളും പ്രവർത്തിക്കുന്നതെങ്ങനെയെന്ന് കുട്ടികൾക്ക് അടുത്തറിയാനുമുള്ള അവസരമാണ് ഒരുക്കിയിരിക്കുന്നത്. ലേസർ സെൻസർ, അൾട്രാ സോണിക് ഡിസ്റ്റൻസ് സെൻസർ, സൗണ്ട് ഡിസ്ട്രാക്ഷൻ സെൻസർ, ടച്ച് ആൻഡ് സൗണ്ട് സെൻസർ, ഇൻട്രാ റെഡ് സെൻസർ, വാട്ടർ ഡിറ്റക്ഷൻ സെൻസർ തുടങ്ങിയ സെൻസറുകളും എൽ.ഇ.ഡി ലൈറ്റ്, വിവിധ മോട്ടറുകൾ, ബ്രഡ് ബോർഡ്, ബാറ്ററി, ജമ്പറുകൾ തുടങ്ങിയവയും കുട്ടികൾക്ക് അടുത്തറിയാനും അവ പ്രവർത്തിപ്പിച്ച് പരിചയപ്പെടാനും കഴിയും.

പൂർണമായും സൗജന്യ രജിസ്ട്രേഷനുകളിലൂടെ നടത്തുന്ന പരിപാടിയിൽ ഇന്നലെ കുട്ടികളുടെ നിറഞ്ഞ പങ്കാളിത്തമുണ്ടായി. നൂറോളം കുട്ടികളാണ് ഫെസ്റ്റിന്റെ ഭാഗമായ സ്റ്റാളിൽ പങ്കെടുക്കുകയും വർക്ക് ഷോപ്പിൽ പങ്കെടുത്ത് ടെക്ക് ഗ്രീറ്റിങ്ങ് കാർഡ് ഉണ്ടാക്കുകയും ചെയ്തത്. ഏറ്റവും നന്നായി പ്രകടനം നടത്തിയ കുട്ടികൾക്ക് ഡൂഡ്ലിങ്ങ് ബുക്ക് സമ്മാനമായി നൽകുകയും പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കേറ്റ് നൽകുകയും ചെയ്തു. മേക്കർ മസ്തി എന്ന എഡ്യൂടെയ്മെന്റ് കമ്പനിയുമായി ചേർന്ന നടത്തുന്ന സയൻസ് ഫെസ്റ്റ് ഒക്ടോബർ 26 വരെ തുടരും. തിങ്കൾ മുതൽ വെള്ളിവരെ രാവിലെ 10ന് മുതൽ രാത്രി പത്ത് വരെയും ശനി, ഞായർ ദിവസങ്ങളിൽ ഉച്ചയ്ക്ക് ഒന്നു മുതൽ രാത്രി 8 വരെയുമാണ് സയൻസ് ഫെസ്റ്റ് നടക്കുക.വിവിധ സ്റ്റാളുകളിൽ സെൻസറുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന കാറുകൾ, മോട്ടറും ബാറ്ററിയും പ്ലാസ്റ്റിക് ഗിയറുകളും ഉപയോഗിച്ച് കാറുകൾ ഉണ്ടാക്കാനുള്ള അവസരം, വിവിധ സെൻസറുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന റോബോട്ടുകൾ, റിമോട്ട് കണ്ട്രോൾ കാറുകൾ, മെറ്റാ ഷോട്ട്സ് ഉപയോഗിച്ച് ക്രിക്കറ്റ് കളിക്കാനുള്ള അവസരം, ഡിജിറ്റൽ ഗ്രീറ്റിങ്ങ് കാർഡ് നിർമാണത്തിനുള്ള വർക്ക് ഷോപ്പ് തുടങ്ങിയ ഒട്ടേറെ പരിപാടികളാണ് ഒരുക്കിയിരിക്കുന്നത്.



# ഡീകൺസ്ട്രക്റ്റിന് ഗിന്നസ് ലോക റെക്കോർഡ്

**കൊച്ചി:** ഡീകൺസ്ട്രക്റ്റ് സ്കിൻകെയർ ഗിന്നസ് ലോക റെക്കോർഡ് നേടി. 24 മണിക്കൂർ ഡെർമത്തണിലൂടെ 'ദി ലോങ്ങസ്റ്റ് സ്കിൻകെയർ ലൈവ്സ്ട്രീം' എന്ന പുതിയ പദവി സ്ഥാപിച്ചതിലൂടെയാണ് ലോക റെക്കോർഡ്. മാരത്തൺ യൂട്യൂബ് ലൈവ് സെഷനിൽ 24 ഡെർമറ്റോളജിസ്റ്റുകൾ പങ്കെടുത്തു. രാജ്യവ്യാപകമായി 30,000 പേർ പങ്കാളികളായിരുന്നു. 500,000ത്തിലധികം തത്സമയ ചോദ്യോത്തരവേള നടന്നു. 200,000 ചർമ സംബന്ധമായ ചോദ്യങ്ങളിൽ 10,000 എണ്ണത്തിന് തത്സമയം ഉത്തരം നൽകി, ഡോ. അനുപ്രിയ ഗോയൽ, ഡോ. നേഹ സോളങ്കി, ഡോ. ആദിത്യ വാലിംഗർ, ഡോ. രാധിക ത്രിവേദി, ഡോ. ദേവേന്ദ്ര, ഡോ. റാഷി സോണി, ഡോ. വിദേഹി തുടങ്ങിയ പ്രമുഖ ഡെർമറ്റോളജിസ്റ്റുകൾ മുഖക്കുരു, പിഗ്മെന്റേഷൻ, സൂര്യ പ്രകാശത്തിൽ നിന്നുള്ള സംരക്ഷണം, ചർമ സംരക്ഷണ ദിനചര്യ തുടങ്ങിയ വിഷയങ്ങളിൽ സംസാരിച്ചു. സങ്കീർണ്ണമായ ചർമ്മസംരക്ഷണ ശാസ്ത്രത്തെ മനസ്സിലാക്കാവുന്നതും പ്രായോഗികവുമാക്കുന്നതിൽ ഡെർമറ്റോളജിസ്റ്റുകൾ നിർണായക പങ്ക് വഹിച്ചതായി ഡീകൺസ്ട്രക്റ്റ് സ്കിൻകെയറിന്റെ സ്ഥാപകയും സിഇഒയുമായ മാലിനി അദപുരെഡ്ഡി പറഞ്ഞു.

ഗിന്നസ് ലോക റെക്കോർഡിലെ സീനിയർ അഡ്ജുഡിക്കേറ്റർ സ്വപ്നിൽ ദംഗാരാണ് സർട്ടിഫിക്കറ്റ് സമ്മാനിച്ചത്. വളരെ ശ്രമകരമായിരുന്നു ഈ റെക്കോർഡ് നേട്ടത്തിലേക്കുള്ള പ്രവർത്തനങ്ങളെന്ന് അദ്ദേഹം പറഞ്ഞു.

# നെസ്‌ലെ ഇന്ത്യയ്ക്ക് ആഭ്യന്തര വിൽപ്പനയിൽ വളർച്ച

**കൊച്ചി:** നെസ്‌ലെ ഇന്ത്യ 2025–26 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദ ഫലങ്ങൾ പ്രഖ്യാപിച്ചു. ആഭ്യന്തര വിൽപ്പനയിൽ ഇരട്ട അക്ക വളർച്ചയാണ് കമ്പനി നേടിയത്. നാല് ഉൽപ്പന്ന വിഭാഗങ്ങളിൽ മൂന്നിലും ശക്തമായ വളർച്ച രേഖപ്പെടുത്തി. കമ്പനി ഇതുവരെ രേഖപ്പെടുത്തിയതിൽ ഏറ്റവും ഉയർന്ന തുകയായ 5,411 കോടി രൂപയുടെ ആഭ്യന്തര വിൽപ്പനയാണ് ഈ പാദത്തിൽ നേടിയതെന്ന് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മനീഷ് തിവാരി അറിയിച്ചു.




സർക്കാർ പ്രഖ്യാപിച്ച ജിഎസ്ടി നിരക്കുകളിൽ വന്ന മാറ്റം ഉപഭോക്താക്കൾക്ക് അനുകൂലമാണെന്നും അത് എഫ്എംസിജി മേഖലയുടെ വളർച്ചക്കും സമ്പദ്‌വ്യവസ്ഥയ്ക്കും സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു.

കൺഫെക്ഷനറി വിഭാഗത്തിൽ കിറ്റ്കാറ്റ്, മഞ്ച്, മിൽക്കിബാർ എന്നിവയിലൂടെ ശക്തമായ ഡബിൾ ഡിജിറ്റ് വളർച്ച നേടി. നെസ്‌ലെയ്ക്ക് ആഗോളതലത്തിൽ രണ്ടാമത്തെ വലിയ കിറ്റ്കാറ്റ് വിപണിയായി ഇന്ത്യ.

പൗഡേഡ് ആൻഡ് ലിക്വിഡ് ബെവറേജസിൽ നെസ്കഫെ തുടർച്ചയായി വിപണി പങ്കാളിത്തം വർദ്ധിപ്പിച്ചു. പ്രിപെയർഡ് ഡിഷസ് ആൻഡ് കുക്കിങ് എയ്ഡ്സിൽ മാഗ്ഗി നൂഡിൽസ്, മസാല ഏ മാജിക് എന്നിവ മികച്ച വളർച്ച നേടി. മിൽക്ക് പ്രൊഡക്ട്സ് ആൻഡ് ന്യൂട്രീഷൻ വിഭാഗത്തിൽ ചില ഉപവിഭാഗങ്ങൾ വളർച്ച രേഖപ്പെടുത്തി. പെറ്റ് ഫുഡ് ബിസിനസിൽ ഉയർന്ന ഡബിൾ ഡിജിറ്റ് വളർച്ചയും പുതിയ ഫ്രീസ്കീസ് ഉൽപ്പന്നങ്ങളായ മീറ്റി ഗ്രിൽസ്, ഇൻഡോർ ഡിലൈറ്റ്സ് എന്നിവയുടെ ലോഞ്ചും നടന്നു.നെസ്‌ലെ പ്രൊഫഷണലിൽ (ഔട്ട് ഓഫ് ഹോം ബിസിനസ്) ഡബിൾ ഡിജിറ്റ് വളർച്ചയോടെ ഏഷ്യ ഓഷ്യാനിയ, ആഫ്രിക്ക മേഖലയിൽ രണ്ടാമത്തെ വലിയ വിപണിയായി ഇന്ത്യ.

ഇകൊമേഴ്സ് മേഖലയിൽ മാഗ്ഗി ഡബിൾ മസാല, കിറ്റ്കാറ്റ് ഡിലൈറ്റ്സ് റേഞ്ച് തുടങ്ങിയ പുതിയ ഉൽപ്പന്നങ്ങളിലൂടെ വിൽപ്പന വർധിച്ചു. ഗുജറാത്തിലെ സാനന്ദ് ഫാക്ടറിയിൽ പുതിയ മാഗ്ഗി നൂഡിൽസ് ഉൽപ്പാദന ലൈനും ആരംഭിച്ചു.

ഉപഭോക്തൃ ആവശ്യങ്ങളെ മനസിലാക്കി, മികച്ച ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളിലൂടെ വിപണി വികസിപ്പിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും ബ്രാൻഡുകളിലേക്കും ഉൽപ്പാദന ശേഷിയിലേക്കും കൂടുതൽ നിക്ഷേപം നടത്തി വളർച്ച വേഗത്തിലാക്കുമെന്നും മനീഷ് തിവാരി കൂട്ടിച്ചേർത്തു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com